ONAM SOUVENIR–1972





KERALA SAMAJAM (REGD.)

BANGALORE

DHARMARAM COLLEGE LIBRARY
BANGALORE.

ബാംഗളൂർ കേരള സമാജം (രജി.)

★

"ബാംഗളൂർ മലയാളി"



DHARMARAM COLLEGE LIBRARY, BANGALORE.

ഓണം സുവനീർ

★

-1972-

DHARMARAM COLLEGE LIBRARY
Ac. No. 88000077
Call No. M 73/0017/1972



സി. അച്യുതമേനോൻ

മുഖ്യമന്ത്രി

തിരുവനന്തപുരം

സന്ദേശം

ബാംഗ്ലൂർ കേരള സമാജം ഈ വർഷവും
പതിവുപോലെ ഓണം ആഘോഷിക്കുന്ന
എന്നറിയുന്നതിൽ എനിക്കു അതിയായ സന്തോഷമുണ്ട്.
ഈ സന്ദർഭത്തിൽ ഒരു സുവനീർ പുറപ്പെടുവിക്കാൻ
തീരുമാനിച്ചതു് സർവ്വഥാ ഉചിതമായി.
എന്റെ ഹാർദ്ദമായ മംഗളാശംസകൾ.

(ഒപ്പ്)

സി. അച്യുതമേനോൻ.


Super!

Super Snowcem

The new improved decorative waterproof cement coating

ACCLAIMED BY ARCHITECTS & BUILDERS EVERYWHERE

- WATERPROOF
- WASHABLE
- LOWER LABOUR COSTS
- 21 READY-TO-USE SHADES
- LONG-LASTING
- SILVICRETE WHITE CEMENT BASE



Snowcem India Ltd.
A Killick Associate
Killick House, Home Street
Post Box 109, Bombay-1.

Sole Selling Agents:
KILLICK NIXON LIMITED
Bombay-Delhi-Calcutta-Madras
Ahmedabad-Bangalore.

Adroit-SCI-315

KILLICK NIXON LIMITED

KILLICK COURT

33, ULSOOR ROAD, BANGALORE - 42.

Gram : KILLICK

Phone : 52308
52309

ഉള്ളടക്കം.

1.	മുഖക്കുറിപ്പ്			
2.	ശിശുവിന്റെ ചോദ്യം	(കവിത)	—	എം. പി. അപ്പൻ.
3.	ബാലഹൃദയം	(കവിത)	—	ചാലിൽ ജേക്കബ്.
4.	ആശാൻ സ്മരണകൾ	(ലേഖനം)	—	പി. വി. വേണുഗോപാൽ.
5.	നിത്യമോണം	(കവിത)	—	ഉഴവ ശ്രീധരൻ നായർ.
6.	സ്വാർത്ഥം	(ചെറുകഥ)	—	എൻ. ടി. വേണുഗോപാൽ
7.	മടക്കിയെടുക്കില്ലേ ?	(കവിത)	—	പയ്യന്നൂർ ബാലകൃഷ്ണൻ.
8.	നിനയ്ക്കു് ലജ്ജയില്ലേ ?	(കവിത)	—	എ. എൻ. ഇ. സുവർണ്ണവല്ലി
9.	മോചനം	(ചെറുകഥ)	—	വെളിയങ്കോട്ട് അലി.
10.	ഓണത്തിൽ ദിനം	(ഗാനം)	—	എൽ. സി. സാമുവൽ
11.	അഞ്ചു ചിത്രങ്ങൾ	(ചെറുകഥ)	—	തു. ച.
12.	അനുരാഗത്തിൽ	(കവിത)	—	കെ. കെ. ഗോപി.
13.	ഹരിത പൂജ	(കവിത)	—	ടി. വി. രാമൻ.
14.	Onam – The Queen of Festivals in Kerala		—	Mrs. Achamma Samuel.
15.	ഈ ആഡ്യതാപമെന്തിനാ?	(കവിത)	—	പത്തായ പുരയ്ക്കൽ കഞ്ഞുണ്ണി.
16.	മഹാബലി വന്നില്ല	(കവിത)	—	ചന്ദ്രമതി ചന്ദ്രൻ

മുഖചിത്രം

"പൂക്കളം" — വരച്ചതു് ശ്രീ. V. K. വിജയൻ.

സാഹിത്യമത്സരം

ഈ വർഷത്തെ ഓണാഘോഷ പരിപാടികളോടനുബന്ധിച്ചു നടത്തിയ സാഹിത്യമത്സരത്തിൽ വിജയികളായവർ:

ചെറുകഥ : "മാറ്റങ്ങൾ" – ശ്രീ സി. എച്ച്. ഉണ്ണികൃഷ്ണൻ.

കവിത : "ദാമ്പത്യം" – ശ്രീമതി തങ്കം സുകുമാർ

ലേഖനം : "മുനാടൻ മലയാളി സംഘടനകളുടെ വളർച്ചയും തളർച്ചയും"

— ശ്രീ ആർ. മധുസൂദനൻ പിള്ള.

മത്സരത്തിൽ പങ്കെടുത്തവർക്ക് നന്ദിയും, വിജയികൾക്ക് അഭിനന്ദനങ്ങളും.

കൺവീനർ, സാഹിത്യ മത്സരം.



SOUVENIR COMMITTEE

Chairman

Sri P. GOPALAN NAIR

Editor

Sri THURAVOOR CHANDRAN

Convenor

Sri K. P. CHANDRAN

Members

Prof. MOHAMMED ABDUL HAMEED

Sri C. JOHN THOMAS

Sri K. M. CHACKO

Sri K. G. PILLAI

മുഖക്കുറിപ്പ്

കേരള സമാജത്തിന്റെ 32–ാമതു് ഓണമാണിതു്. "ബാംഗളൂർ മലയാളി" യുടെ ഓണം സുവനീർ ഇപ്രാവശ്യവും സഹൃദയരായ നിങ്ങളുടെ മുമ്പിൽ കാഴ്ച വയ്ക്കുകയാണ്. തെറ്റുകൾക്കും കുറവുകൾക്കും അതീതമാണെന്നു് അവകാശപ്പെടുന്നില്ല.

ഈ സുവനീറിനു് ഊടും പാവും നെയ്തതന്ന സാഹിത്യകാരന്മാരോടും മുഖചിത്രം കമനീയമായി രചിച്ച ശ്രീ വി. കെ. വിജയനോടും ഞങ്ങൾക്കു് നന്ദിയുണ്ട്. പരസ്യത്തിലൂടെ സാമ്പത്തിക സഹായം ചെയ്തതന്ന പ്രസ്ഥാനങ്ങളോടും ഭംഗിയായി മുദ്രണം ചെയ്തതന്ന ഗൌരി ശങ്കർ പ്രസ്സുടമയോടും പ്രവർത്തകരോടും ഞങ്ങൾ കടപ്പെട്ടവരാണ്.

സോവനീർ കമ്മിറ്റി.

OUR ADVERTISERS

1. Star of Cochin Chit Funds (P) Ltd.
2. Balanoor Tea
3. Koshy's
4. Killick Nixon Ltd.
5. South Indian Bank Ltd.
6. State Bank of Mysore
7. C. Gurusiddappa Sons
8. Industrial Furnaces and Equipment Company
9. Jacob's Dairy and Poultry Farm
10. India Garage
11. Coffee Board
12. Ruby Tyre & Rubber Co. (P) Ltd.
13. Stumpp, Schuele & Somappa Private Ltd.
14. S. V. Products
15. Vijaya Bank Ltd.
16. Bharath Electronics Ltd.
17. Motor Industries Co. Ltd.
18. State Bank
19. M. D. Francis & Sons
20. Ideal Jawa (India) Ltd.
21. Maruthi Cement Concrete Works
22. International Instruments Pvt. Ltd.
23. C. R. Revanna Gurusiddappa
24. Navjyothi Trust
25. Emmem Traders
26. Mooloor Agencies
27. Rajdeep Traders
28. Deepika
29. Vysya Bank
30. Mysore Sales International
31. Krishna Industries Pvt. Ltd.
32. Coir Board
33. Standard Brick & Tile Co. (Yelahanka) P. Ltd.
34. Ashtavaidyan Thaikkattu Mooss's Vaidyaratnam Oushadhasala
35. Hotel Ambassador
36. International Investment & Finance Corporation Regd.
37. Shanker Pharmacy
38. Jaya Bharatham Arya Vaidya Sala (Regd.)
39. A. C. Francis & Sons
40. Indal

ONAM CELEBRATIONS - 1972

PROGRAMME

1.	Kerala Ganam		
2.	Welcome Speech	—	Sri P. I. Joseph President.
3.	Speech	—	By Chief Guest, Sri A. R. Badarinarayan Hon'ble Minister for Education.
4.	Releasing of Souvenir	—	By Chief Guest
5.	Vote of thanks	—	By Sri K. P. Chandran, General Secretary.

CULTURAL PROGRAMME

1.	Thiruvathira Kali	—	Mahila Vibhagam, Wilson Garden Zone
2.	Dance	—	(a) Baby Sheela Das (b) Kumari Latha
3.	Drama	—	"AKKALDAMA"

—: ON THE STAGE :—

Father Simon	—	Sri K. G. Pillai
Fernandez	—	„ N. T. Venugopal
Ouseph	—	„ Abraham Varghese
Sankara Pillai	—	„ Radha Krishnan
Zavier	—	„ K. P. Chandron
Moly	—	Smt. Santha Vijayam
Bhargavy Amma	—	„ Rajeswari Sreedharan
Oman	—	Baby Sheela John

BEHIND THE CURTAIN

Stage Manager	—	Sri V. P. Thomas
Prompting	—	„ Stephen & Mathew Yohanan,
Light	—	„ TF Williams
Lyrics	—	„ Ettumannur, Somadasan.
Music	—	„ K. J. Paul & Party
Make-up	—	„ Dhanapal

— Direction —

Sri K. G. PILLAI.

KERALA SAMAJAM (REGD) BANGALORE

MANAGING COMMITTEE 1972

President	Sri. P. I. Joseph
Vice President	Sri. K. M. Chacko
General Secretary	Sri. K. P. Chandran
joint Secretary	Sri. K. K. Gopi
Treasurer	Sri. P. M. Isahac

ZONAL VICE PRESIDENTS

City Zone : Sri. M. K. R. Kurup

Ulsoor Zone : Sri. P. Ramakrishna Pillai

Malleswaram Zone : Sri. C. N. Bhakthan Nair

Contonment : Sri. R. R. Ramamoorthy

ZONE SECRETARIES

City : Sri. N. Mohan Kumar

Malleswaram : Sri. T. S. Unni

Ulsoor : Sri. V. R. Unni

Offtg : Sri. Mathew Yohannan.

Cantonment : Sri. K. R. Neelakantan Nair

MANAGING COMMITTEE MEMBERS

Sri. P. Gopalan Nair
Sri. Thuravoor Chandran
Sri. M. M. Somasekharan Nair
Sri. Prasanna Kumar
Sri. P. G. Menon
Sri. P. C- Thomas
Sri. K. Gopinathan Nair
Dr. R. G. Menon
Smt. Sharada Nair
Sri. K. M. Varghese Mappillai
Sri. K. P. Bhaskaran Pillai
Sri. P. G. Ravindran Nair
Sri. C. John Thomas
Sri. V. C. Thomas
Sri. V C. Zacharia
Prof. Mohammed Abdul Hammed
Sri. K. G. Pillai (Special Invitee)

KERALA SAMAJAM (REGD) BANGALORE

KAIRALEE NIKETHAN EDUCATION TRUST 1972

Sri. K. M. Varghese Mappillai — President

Dr. R. G. Menon — Vice President

Sri. K. Govinda Pillai — Secretary & Correspondent

TRUSTEES

Sri. P. Gopalan Nair

„ K. S. Menon

„ P. I. Joseph (Ex-officio)

„ K. P. Damodaran

„ K. M. Chacko

„ K. S. Sreedharan

„ P. K. Achuthan Nair

„ Mohammed Abdul Hameed

„ Thuravoor Chandran

„ K. P. Chandran (Ex-officio)

„ K. N. R. Pillai

„ C. John Thomas

INDIRANAGAR HIGH SCHOOL - STAFF

Smt.	M. B. Shantakumari Devi	Head Mistress
„	L. Ambika Amma	Sr. Assistant
„	S. Anandavally Amma	Asst. Misterss
„	Valsamma Zachariah	Asst. Mistress
„	K. Subhadra	Asst. Mistress
Miss	A. Indira	Hindi Pandit
„	M. S. Sathyaprema	Kannada Pandit
Sri.	M. Sivasankaran	Tamil Pandit
„	K. Rajamani	Physical Education Teachar
„	K. K. Gangadharan	Clerk
„	K. Srikantiah	Attender
„	Raju	Peon-Cum-Watchman
Smt.	Muniyamma	Peon

INDIRANAGAR NURSERY & PRIMARY SCHOOL


Smt.	G. Sudha	Head Mistress in charge
„	S. Padmavathy	Asst. Mistress
„	D. Rajeswari	Asst. Mistress
Miss	P. Vijayalakshmi	Nursery Teacher
„	T. S. Chandra	Nursery Teacher
Smt.	Kalyani	Helper (Ayah)

KAIRALEE NIKETHAN PRIMARY SCHOOL - ULSOOR

Smt.	Aleyamma Alexander	Head Mistress
„	K. Paravthi	Asst. Mistress
„	Achamma Jacob	„ „
„	K. K. Vally Meenakshi	„ „
„	M. Leelamma	„ „
„	K. K. Mariam	„ „
„	E. K. Margaleetha	„ „
Sri.	K. K. Gopi	Hindi Pandit
Sri.	N. Raghavan Nair	Peon

ശിശുവിന്റെ ചോദ്യം.

എം. പി. അപ്പൻ.



സ്വർല്ലോകമെങ്ങെന്നു ചോദിച്ചിടുന്ന നീ
സ്വച്ഛന്ദ ലീലാവിലോലനാം പൈതലേ!
ജീവിതം മൃത്യുവിതൃാദിക്കതീതമായ്
ഭുവിൽ നിന്നേറമകന്ന നിഗൂഢമായ്
രാപ്പകലില്ലാതെ മിന്നുകയാണതെ–
ന്നദ്ഭുതസ്തബ്ധരായോതുന്ന യോഗികൾ.

കാലദേശാദിയെപ്പുൽകാൻ കൊതിപ്പതായ്,
ചേലെഴും മണ്ണിൽപ്പിറക്കാൻ ശ്രമിപ്പതായ്
ഉല്ലസിക്കുന്നതാണാലോകമെന്നുള്ള–
തെല്ലായ്പൊഴുമറിയുന്ന ഞാൻ തങ്കമേ!

പല്ലവം പോലുള്ള നിൻകുളിർ മേനിയിൽ,
തുള്ളിത്തുളുമ്പുന്ന നിൻകരൾക്കാമ്പിലും
അത്യന്തകോമള ഭാസ്സിലുദിക്കുന്ന
നിത്യപ്രസന്നമാം സ്വർല്ലോകമോമനേ!

ആനന്ദഭേരി മുഴക്കുന്ന സാഗരം
സൂനങ്ങൾ ചായുന്ന നിന്നെ മുകരുവാൻ
സ്വർഗ്ഗമുദിക്കുന്ന നിന്നിൽ – ഇബ്ഭൂമിയാം
ധന്യമാതാവിൻ ദയാർദ്രമാം കൈകളിൽ.

---

* ആശയാനുവാദം.

ബാലഹൃദയം.

—ചാലിൽ ജേക്കബ്.

വാരാന്തം തോറും ഞാൻ കാത്തിരിപ്പൂ
വായിക്കാനേറെ മുത്സാഹമോടെ
പത്തു വയസ്സായൊരെൻ മകൾ തൻ
കത്തിലെ പിഞ്ചു കളമൊഴികൾ.
മുറ്റത്തെ വെള്ളാര മണ്ണിലവ-
ളൊറ്റക്കു നിന്നു കളിക്കും പോലെ
വെള്ളക്കടലാസ്സിൽ കണ്ടിടും ഞാൻ
തുള്ളിക്കളിക്കുമാ ബാല്യകാലം.

ആയിരം നാഴിക ദൂരെയാണു
കായികമായവളെന്നിൽ നിന്നും
എങ്കിലുംമെൻ മുമ്പിൽ മിന്നുമവൾ
തങ്കക്കിനാവുപോലാസമയം
കൂപ്പിവിളികൾ തൻ കിങ്കിലത്തോ-
ടൊപ്പമക്കത്തിൽ ഞാൻ കേട്ടിടുന്നു;
ഭംഗിനിറഞ്ഞ കളസ്വനങ്ങൾ,
വിങ്ങും സരള പരിഭവങ്ങൾ.

കാണുവാനേറെ ഞാൻ കാത്തിരിയ്ക്കും
ചേണുറ്റതാകുമ കൈപ്പടയിൽ
മിന്നുന്ന ലോകത്തെനിക്കുവേണ്ടി-
പ്പൊങ്ങുന്ന നിർവ്യാജ സ്നേഹമെല്ലാം!
അക്ഷരമോരോന്നു മക്ഷയമാം
നക്ഷത്രമാകുന്ന സന്ദർഭങ്ങൾ
വന്നു വിളങ്ങുന്ന ജീവിതത്തെ
സുന്ദരമാക്കിക്കൊണ്ടെന്റെ മുമ്പിൽ

"പിന്നെ വിശേഷങ്ങളൊന്നുമില്ലേ"
ഒന്നാന്നാമതായവളാരംഭിക്കും,
എങ്കിലുമക്കത്തിലുണ്ടു നാനാ
ഭംഗികൾ തിങ്ങുന്ന വർത്തമാനം
"നമ്മുടെ മുറ്റത്തെ മാവു പൂത്തു
നല്ല മണമുണ്ടു കാറ്റിനിപ്പോൾ

ഇന്നലെ രാത്രിയിലാദ്യമായി
പുന്നെല്ലിൻ ചോറുണ്ടു ഞങ്ങളെല്ലാം !
നമ്മുടെ നേന്ത്രക്കുലകളെല്ലാം
നന്നായ് വിളഞ്ഞു വുവന്ന നില്പു
കൊമ്പുകൾ തോറും പിലാവിൽ വീണ
തങ്കനിറമുള്ള ചക്കകളും
എന്നുടെ റോസാച്ചെടിയിലുണ്ടായ്
മിന്നുന്ന മൊട്ടുകളൊട്ടനേകം
പോലീസ്സുകാരുടെ തൊപ്പികളെ
പ്പോലാണവയെന്നു ചൊല്ലി 'വത്സ'

"അച്ചിച്ചൻ' വേഗം വരുന്നുവെങ്കിൽ
പിച്ചകപ്പൂക്കൾ പറിച്ചു നൽകാം
മച്ചിൽ കയറി വരുന്ന പൂത്ത
പിച്ചകവള്ളികൾ കാറടിച്ചാൽ
"അന്നയുമൊത്തു ഞാൻ സ്കൂളുവിട്ടു,
വന്നവഴിക്കൊരു വൈകുന്നേരം
തോട്ടികളുണ്ടാക്കി ഞങ്ങൾ പിച്ചി
കാട്ടുകളുത്തിൽ നിന്നാമ്പൽപ്പൂക്കൾ
എന്തിനായ് ദൈവമവയ്ക്കു നൽകി
ബന്ധുരമായ നിറങ്ങളെല്ലാം ?

അന്നപറയുന്നു "ദൈവത്തിനു-
പ്പെണ്ണിനോടിഷ്ടമില്ലെ"ന്നു കഷ്ടം.
ആമ്പലപ്പൂവിനു പോലുമിത്ര
മാൺപ് പകർന്നു കൊടുത്ത ദൈവം
അല്ലെങ്കിലെന്തിനു പാഴ്ച്ചെളിതൻ
വർണ്ണമവൾക്കു കൊടുത്തുപോലും ?
ഇന്നലെ നീലിപ്പുലയി വന്നു
പുന്നെല്ലിൻ കറ്റയടുക്കിയപ്പോൾ

കണ്ടുപോൽ നമ്മുടെ കൈതക്കാട്ടിൽ
പണ്ടേ വസിയ്ക്കും കളക്കോഴിയെ
തെക്കേക്കിണറ്റിലെ വെള്ളമിപ്പോൾ
മുക്കാലും വറ്റിക്കഴിഞ്ഞുപോയീ
താണുകിടക്കുമാ നിറ്റിലിപ്പോൾ
കാണാ"മിന്നച്ചിച്ച"നോടിവന്നാൽ
"മാനത്തു കണ്ണൻ'പരാലുവന്നു
വാനത്തെ നോക്കി രസിക്കും കാഴ്ച

പുള്ളിപ്പാവാടകൾ രണ്ടുവേണം
പള്ളിക്കൂടത്തിലെനിക്കു പോവാൻ
ഒന്നു ഞാനന്നക്കു സമ്മാനമായ്
നൽകാനന്നവദിക്കേണമെന്നേ
നാനാനിറമുള്ള പെൻസിലുകൾ
നാലഞ്ചു വേണമെനിക്കുപിന്നെ
എന്നുമെനിക്കു മിഠായി നൽകും
'പൊന്നമ്മ"ക്കൊന്നു കൊടുത്തിടും ഞാൻ
മെച്ചമെഴുമൊരു പാവയെനി
"ക്കച്ചിച്ചൻ' വാങ്ങിത്തരുക വേണം
അമ്മയെൻ കൈയ്യിൽ തരില്ലെഴുക്കാൻ
നമ്മുടെ പൊന്നുഷപ്പെതലിനെ
അപ്പോളതുകൊണ്ടെനിക്കുവണ-
മെപ്പോഴു മോമനിച്ചാനന്ദിപ്പാൻ
നല്ല മദാമ്മയെപ്പോലിരിക്കു-
മുല്ലാസമുള്ളൊരു കൊച്ചുപാവ.

ഞങ്ങളെല്ലാവരും സൗഖ്യമായി
ദൈവകൃപയാൽ കഴിഞ്ഞിടുന്നു.
നമ്മളേ ദൈവമനുഗ്രഹിപ്പാ-
നമ്മച്ചി നിത്യവും പ്രാർത്ഥിക്കുന്നു.
പിച്ചിപ്പൂ പൊന്നിക്കവറിനുള്ളിൽ
വെച്ചിട്ടുണ്ടെന്നുടെ പൊന്നമ്മയായ്
പള്ളിമണികൾ മുഴങ്ങിടുന്നു
മണ്ണരെപ്പെണ്ണിന്റെ കല്യാണമായ്
റോട്ടിൽ പടിഞ്ഞാറു കേട്ടിടുന്നു
നോട്ടിസു വണ്ടി വരുന്നമേളം
പെൻസിലൊടിഞ്ഞുപോയ് ബാക്കിയെല്ലാ-
മമ്മയെഴുതാമെന്നോതിടുന്നു"

പിഞ്ചു ഹൃദയത്തിൽ നിന്നുയരും
പഞ്ചാര വാക്കുകളിപ്രകാരം
കാലത്തെ വെല്ലും കവിതപോലെൻ
കാതും കരളും കവർന്നിടുമ്പോൾ
ആസ്വദിക്കുന്നു ഞാൻ മർത്യതയെ
ഭാസുരമാക്കു മൊരത്ഥ ഭംഗി.

ആശാൻ സ്മരണകൾ

പി. വി. വേണുഗോപാൽ,

ബി. എ., ബി. എൽ.

കുമാരനാശാന്റെ ജന്മശതാബ്ദി കേരളത്തിലും മറുനാടുകളിലും ആർഭാടപൂർവ്വം ആഘോഷിച്ചവരികയാണ്. അനിതര സാധാരണമായ പ്രതിഭകൊണ്ടും, അനുപമമായ കവനതല്പരങ്ങൾകൊണ്ടും മലയാള ഭാഷയ്ക്ക് മുതൽക്കൂട്ട് നൽകിയ മഹാകവി എന്ന നിലയിൽ ആശാന്റെ നാമധേയം അനന്തര തലമുറകൾക്കുടി ആദരപൂർവ്വം അനുസ്മരിയ്ക്കുമെന്നതിന്ന് സംശയമില്ല. പിന്നിട്ടപോന്ന അഞ്ചു ശതകങ്ങളിലെ മലയാള സാഹിത്യ ചരിത്രം ആശാൻ കവിതകളുമായി ഇഴകിച്ചേർന്നതാണ്. വാസനാ സമ്പന്നമായ ആ അനുഗ്രഹീത തൂലിക ആസ്വദിക്കാത്ത ഭാഷാപ്രേമികൾ ഇല്ല. ആശാന്റെ കാവ്യസമാഹാരങ്ങളെ വിലയിരുത്താത്ത സാഹിത്യ വേദികൾ ഇല്ല. അനുവാചകനെ നിർവൃതി മണ്ഡലത്തിലേക്ക് ഉയർത്തുന്നുവെന്നതാണ് ആശാൻ കവിതയുടെ സവിശേഷത. ആശാന്റെ കവിതകൾ ഉരുവിടുന്നത് മാനസോല്ലാസമാണ്; മഹത്തായ ആ ജീവിതത്തിലേക്ക് കണ്ണോടിക്കുന്നതു് ധന്യമാണ്.

നവോത്ഥാന പ്രസ്ഥാനം.

'ആശയഗംഭീരനായ ആശാനെ' ഭാഷയിലെ നവോത്ഥാന പ്രസ്ഥാനത്തിന്റേയും റൊമാന്റിക് പ്രസ്ഥാനത്തിന്റേയും ആചാര്യനായാണ് മലയാളികൾ അനുസ്മരിക്കുന്നതു്. ഉള്ളൂരിൽ നിന്നു് വിഭിന്നമായ ഒരു പാണ്ഡിത്യ ഭണ്ഡാഗാരാവും വള്ളത്തോളിൽ നിന്നു് വ്യതിരിക്തമായ ഒരു പദശൈലിയും ആശാന്നു് സ്വായത്തമായിരുന്നു. സാഹിത്യത്തിൽ തനതായ ഒരു പന്ഥാവിലൂടെ നിർഭയനായി ആശാൻ സഞ്ചരിച്ചു. സ്വച്ഛന്ദമായ അരുവികളുടേയും, കാനനച്ചോലകളുടേയും, സുമങ്ങളുടേയും, കിളി മമ്മരങ്ങളുടേയും ആയിരുന്നു അതു്. ഏകാന്തനായ ഒരു തപസ്വിയുടെ അവധാനമായ തപശ്ചര്യ ആശാന്റെ കവിതകളുടെ മർമ്മ പ്രധാനമായ ഒരു വശമാണ്. ആശാന്നു് ശേഷം പല കവികളും അദ്ദേഹത്തിന്റെ മാർഗ്ഗത്തിലൂടെ ചലിക്കുവാൻ ശ്രമിച്ചിട്ടുണ്ടു്. പക്ഷെ, ആ മഹാകവിയുടെ ഭക്ത്യുന്മുഖതയും തത്വചിന്തയും ഉൾക്കൊള്ളാൻ മറ്റാർക്കും സാധിച്ചിട്ടില്ല.

നാരായണ ഗുരുവിന്റെ ശിഷ്യൻ

ഒരു പാവപ്പെട്ട കുടുംബത്തിലാണ് ആശാൻ ജനിച്ചതു്. ചെറുപ്പത്തിൽതന്നെ മലയാളത്തിലും സംസ്കൃതത്തിലും കുമാരു ആ

സാധാരണമായ വൃല്പത്തി സമ്പാദിച്ചു. ശ്രീ നാരായണ ഗുരുവിന്റെ ശിഷ്യത്വം സ്വീകരിച്ച് സ്വാമിയുടെ ആശയ സംഹിതകളുടെ പ്രധാന പ്രചാരകന്മാരിൽ ഒരാളായിത്തീർന്നതാണ് ആശാന്റെ ആദ്യകാല ജീവിതചരിത്രം. ആ കാലത്തെ എസ്. എൻ. ഡി. പി. യുടെ പ്രധാന പ്രവർത്തകൻ ആശാനായിരുന്നു. ഡോക്ടർ പല്പുവുമായുള്ള ബന്ധം ആശാന്റെ വിജ്ഞാനതൃഷ്ണയെ ശതഗുണീഭവിപ്പിച്ചു.

ബാംഗളൂരിലും കല്ക്കത്തയിലും പോയി തിരിച്ചുവന്ന കുമാരുവിനെ ഒരു സാമൂഹ്യ പ്രവർത്തകനേക്കാളുമുപരി ഒരു മഹാകവിയായാണ് കേരളം ദർശിച്ചതു്. നിരവധികാലം കാനനങ്ങളിലും മലയോരങ്ങളിലും ഏകാന്ത ജീവിതം നയിച്ച കുമാരുവിന്റെ കൃതികളിൽ അരണ്യ പ്രദേശങ്ങളെക്കുറിച്ചുള്ള വർണ്ണോജ്വലങ്ങളായ പ്രതിപാദനങ്ങൾ ധാരാളം കാണാം. "അഞ്ചുവട്ട മിഹ പൂത്തുകാനനം" തുടങ്ങിയ "നളിനി"യിലെ കവിതാശകലങ്ങൾ കവിയുടെ പ്രകൃതി വർണ്ണനാപാടവത്തെ പ്രകടമാക്കുന്നതാണ്.

"ഒന്നല്ലിനാമയി ....."

വീണകിടക്കുന്ന ഒരു പൂവിനെ കണ്ടപ്പോൾ കവിയുടെ വിചാര തരംഗങ്ങളിൽ എന്തെല്ലാം മാറ്റൊലികളാണുണ്ടായതു്. !

"ഈവണ്ണമൻപൊട്ട വളർന്ന നിന്റെ
യംഗ-
മാവിഷ്കരിച്ചു ചില ഭംഗികൾ
മോഹനങ്ങൾ
ഭാവംപകർന്ന വദനം കവിൾകാന്തിയാർന്ന
പൂവേ അതിൽ പുതിയ പുഞ്ചിരി
സഞ്ചരിച്ചു"

തുടങ്ങി

"വൈരാഗ്യമേറിയൊരു വൈദികനാട്ടെ-
യേറ്റ
വൈരിക്കു മുമ്പുഴറിയോടിയ ഭീരുവാട്ടെ
നേരെ വിടർന്ന വിലസീടിന നിന്നെ
നോക്കി
യാരാകിലെന്തു മിഴിയുള്ളവർ
നിന്നിരിക്കാം"

എന്നീ വരികളിലൂടെ

"ഒന്നല്ലിനാമയിട്ടു സഹോദരരല്ലി പൂവേ
ഒന്നല്ലി കൈയിഹരച്ചിച്ചതു നമ്മെയെല്ലാം"

എന്ന മാനവസത്യം "വീണപൂവി"ലൂടെ ആശാൻ ലളിതമായി അപഗ്രഥിച്ചു. ഏതു് ഭാഷയിലെ ഏതു് ഉത്തമ കാവ്യത്തോടും സമാനമായിവർത്തിക്കുവാൻ മലയാളത്തിന്നു് നല്കുവാനുള്ള മഹത്തായ സംഭാവനയാണ് 'വീണപൂവ്".

സ്നേഹമാണ് സത്യം.

സ്നേഹമാണ് സത്യമെന്നും സത്യമാണ് സ്നേഹമാണെന്നുമുള്ള യാഥാർത്ഥ്യത്തെ കാവ്യഭംഗിയോടെ ആശാൻ "നളിനി"യിൽ ആവിഷ്കരിച്ചു. ദിവാകരനും നളിനിയും തമ്മിലുള്ള സ്നേഹത്തിന്നു് കവി ആത്മീയമായ പരിവേഷം കല്പിച്ചു 'നളിനി'യുടെ പ്രസിദ്ധീകരണത്തോടെ ആശാൻ മഹാനായ ഒരു സ്നേഹഗായകനായി പ്രശസ്തനായിത്തീർന്നു. ആശാന്റെ തത്വചിന്താപാടവം ഏറ്റവും പ്രകടമായിട്ടുള്ളതു് "നളിനി"യിലും "ചിന്താവിഷ്ടയായ സീത"യിലുമാണ്.

"സ്വന്തകർമ്മവശരായ് തിരിഞ്ഞിടു-
ന്നന്തമറ്റ ബഹുജീവകോടികൾ
അന്തരാള ഗതിതന്നിലൊന്നൊടൊ-
ന്നന്തരാപെടുമണക്കളാണ് നാം "

എന്നും

"ജന്തുവിന്നു തുടരുന്ന വാസനാ-
ബന്ധമിങ്ങടലു് വീഴുവോളവും"

എന്നും വിവരിക്കുന്ന ആശാൻ പ്രപഞ്ച സത്യത്തിന്റെ തിരശ്ശീല അനാവരണം ചെയ്യുകയാണ്. പ്രപഞ്ചവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ കാവ്യാത്മകമായി വർണ്ണിച്ച ചുരുക്കം ചിലരിൽ ഒരാളാണ് "നളിനി"യുടെ പ്രണേതാവ്.

ആശാന്റെ നായികമാർ.

ആശാന്റെ നായികമാക്കുള്ള വ്യക്തിത്വത്തിന്റെ മകടോദാഹരണമാണ് "ലീല".

"അവളുടെ ശയനീയശായിയാം
അവനൊരുഷസ്സിലുണർന്നിടാതായ്"

എന്നും

"മാംസനിബന്ധമല്ല രംഗം"

എന്നും

ആശാൻ "ലീല"യിൽ ആവർത്തിച്ചു പറയുന്നു.

"ആരും തോഴീയുലകിൽ വെടിയുന്നീല
മാംസം വെടിഞ്ഞാൽ
തീരുന്നില്ലീ പ്രണയജടിലം ദേഹി
തൻ ദേഹബന്ധം"

എന്നിങ്ങിനെയാണല്ലോ 'ലീല' സമാപിക്കുന്നത്.

"കയിലിണയിലലിഞ്ഞു പാടിടുന്ന
മയിലിതതൻ പിടയോടുമാടിടുന്ന
പ്രിയനെ അന്നനയിച്ചിടുന്ന സിംഹം
പ്രിയതമ നീയണയാഞ്ഞു ഞാൻവലഞ്ഞു".

എന്ന കാവ്യശകലം കവിയുടെ വാസനാവൈഭവത്തിനുള്ള ദൃഷ്ടാന്തമാണ്.

'ബുദ്ധ പൌർണ്ണമി' ദിനം ജനിച്ച ആശാന്റെ ബുദ്ധമത ജ്ഞാനത്തെ പ്രകടമാക്കുന്നതാണ് ശ്രീ ബുദ്ധചരിതം.

'ബുദ്ധം ശരണം ഗച്ഛാമി
ധമ്മം ശരണം ഗച്ഛാമി'

എന്ന ശ്രീ ബുദ്ധവാക്യങ്ങളും ആശാൻ ഏറ്റു പാടുന്നു.

ജാതിക്കെതിരെ.

മലബാർ ലഹളകൊണ്ട് സ്വന്തംനാട് വീർപ്പുമുട്ടുമ്പോൾ 'ചണ്ഡാലഭിക്ഷുകി'യും 'ദുരവസ്ഥ'യും രചിച്ച് ജാതിയുടേയും മതത്തിന്റേയും ചട്ടക്കൂട്ടിൽ നിന്ന് വിട്ടുപോരുന്നതിന് മഹാകവി ജനങ്ങൾക്ക് വിപ്ലവാഹ്വാനം നൽകി.

'നെല്ലിൻ ചുവട്ടിൽ മുളയ്ക്കും കാട്ടു
പുല്ലല്ല സാധു പുലയൻ'

എന്ന് ചൊല്ലിയ ആശാൻ ആ കാലഘട്ടത്തിന്റെ കവിയായി നിലകൊള്ളുന്നു.

കേരളസാഹിത്യ നഭോമണ്ഡലത്തിലെ ഉജ്ജ്വല നക്ഷത്രമായ കുമാരനാശാൻ എന്ന കവി ഒരു തത്വചിന്തകനും മഹാനായ ഒരു മനുഷ്യസ്നേഹിയുമായി ജനഹൃദയങ്ങളിൽ എന്നും ജീവിച്ചിരിയ്ക്കുമെന്നതിന്ന് പക്ഷാന്തരമില്ല. "കൃതികളും മനുഷ്യകഥാനുഗായികളും" എന്നവർണ്ണിച്ച ആ മഹാപുരുഷന്റെ ജീവിതത്തേയും കവിതാസമാഹാരങ്ങളേയും ജനങ്ങൾ കൂടുതൽ പഠിക്കേണ്ടതുണ്ട്. അവയിൽ നിന്ന് പ്രചോദനവും ആവേശവും ഉൾക്കൊണ്ട് തലമുറകൾ മുന്നോട്ടുപോവട്ടെ.

വഞ്ചിപ്പാട്ട്

"നിത്യമോണം"

—ഉഴവ ശ്രീധരൻ നായർ.

വിണ്ണക്കക്കിടകമാസം പാഞ്ഞൊളിച്ച കേരളത്തിൽ
ചിങ്ങത്തിൻ പൊൻചിലമ്പൊലി മാറെറാലിക്കൊണ്ടുകെ !
ചക്രവാളപ്പരപ്പിങ്കലിളം ചുവപ്പുവർണ്ണത്താൽ
സപ്തരശ്മി നിർല്ലോഭമായ് ച്ചിതറി മിത്രൻ !
അദ്ദിനത്തിൻ മഹത്വത്തെയറിവിച്ച പ്രാചിയിങ്ക
ലദ്രിതൻ മുകളിലുദിച്ചയന്മിന്നി !
എങ്ങുമൊരു നവോല്ലാസമലതല്ലി ദിങ്മുഖത്തിൽ
പൊങ്ങിയ പറവകൾതൻ കാകളിയ്ക്കൊപ്പം !
ചന്ദനക്കുളിർകാറെറത്തി ഹിമവൽസേതുപര്യന്തം
മന്ദം മന്ദം മാവേലിയെയെതിരേൽപ്പാനായ്,
മന്ദഹാസമധുതുകി തോപ്പിലും, തൊടികളിലും
സുന്ദരസൂനങ്ങളേകി സുഗന്ധധാര !
ശാരികയും, ചകോരവും, പഞ്ചവർണ്ണക്കിളികളും
ചാരുചിത്ര ശലഭങ്ങളും, ഭൃംഗാളികളും,
എന്നുവേണ്ടാ ബാലവൃദ്ധം മലനാട്ടിൻ പൌരന്മാരു
മൊന്നുചേന്നീ മഹോത്സവമാസ്വദിക്കയായ് !
പുഷ്പലതാലംകൃതമാമന്തരീക്ഷത്തിങ്കൽ മഞ്ഞിൻ
മുത്തുമണിമാലകളാം തോരണംതൂക്കി !
ഇത്രമാത്രം ചൈതന്യവും, വർണ്ണശബളവുമാർന്ന
സുപ്രഭാതം കണ്ടില്ല നാമിന്നലെയോളം !
നിസ്തുലമി ജനകിയമാതൃക കേരളത്തിലും
വിസ്തൃത ഭാരതത്തിങ്കലൂടനീളവും,
എത്തു പെട്ടാലതുതന്നെ സോഷ്യലിസവ്യവസ്ഥിതി
യിത്രനാളും നാം ദർശിച്ച സുവർണ്ണ സ്വപ്നം !
വിദ്യയുണ്ട്, വിഭവങ്ങളൊക്കെയുണ്ടീകലാക്ഷേത്ര
സദൃശസ്സുറിഞ്ഞിടാത്തോരില്ലലകത്തിൽ
ഭദ്രതയെന്നൊന്നില്ലതിൻ കാരണമെന്നുമീ യന്ത:
ക്ഷിദ്രമാണോക്കിലബ്ബാധയൊഴിച്ചേതീരും,
കൃത്യനിഷ്ഠ, യുലയാത്തസത്യം, യോജിപ്പെന്നിവയാൽ
നിത്യമോണം പുലരട്ടെ ! നമ്മുടെ നാട്ടിൽ !!!

സ്വാർത്ഥം

എൻ. ടി. വേണുഗോപാൽ B. E. L.

കളപ്പുരക്കലെ മുത്തശ്ശിയും ചാറുവാട്ടെ അമ്മായിയും നടുത്തളത്തിലിരുന്ന പിന്നിട്ട കാലഘട്ടങ്ങൾ പരസ്പരം പറഞ്ഞ് അയവിറക്കുന്നു. തൊട്ടിലിൽ കിടന്ന് കുഞ്ഞ് കരഞ്ഞു അതുകേട്ടിട്ടാണെന്ന് തോന്നുന്നു അമ്മ പറഞ്ഞു. "രാധേയ്; ഉണ്ണ്യേണിറെറടക്കു"ണ്ട്ട്ടോ. കൊറെ നേരായില്ലെ കെടന്നൊറങ്ങണ് അയിനിത്തിരി മൊല കൊടുത്തെ-വെശക്ക'ണുണ്ടാകും'.

അവളെണീറ്റ് കുഞ്ഞിനെ എടുത്തു മടിയിൽ കിടത്തി ഒരു കൈകൊണ്ട് ബോഡീസിന്റെ കെട്ടഴിച്ചു. പ്രസവം കഴിഞ്ഞതിൽ പിന്നെ കെട്ടബോഡിയാണ് അവള പയോഗിക്കാറ്. കുഞ്ഞിന് മുലകൊടുക്കാൻ അവളൊരുങ്ങുന്നതിന് മുമ്പേ നടുത്തളത്തിൽ നിന്ന് കളപ്പുരക്കലെ മുത്തശ്ശി വിളിച്ചുപറഞ്ഞു 'മോളേയ് ഉണ്ണിക്ക് മൊലകൊടുക്കണേനു മുമ്പേ ഇത്തിരി പിഴിഞ്ഞ് കളഞ്ഞിട്ട് കൊടുത്താളാ" "ഇപ്പ്ലത്തെ പെങ്കുട്ട്യോളല്ലെ നാത്തുനെ? അവറകൾക്ക് ഒരു ചുക്കും അറിയാൻ പാടില്ലാന്നെയ്" അവൾക്ക് വെറു "തോന്നി. പ്രസവിച്ചു കഴിഞ്ഞ അന്നുമുതല്ക്കു" തുടങ്ങിയതാണ് ഈ ഉപദേശങ്ങൾ. ഗർഭിണിയായിരുന്ന കാലത്തു് ഉണ്ടായിരുന്നില്ലെന്നില്ല. പക്ഷെ സഹിക്കാമായിരുന്നു. ഇപ്പോ ഒന്നിനും വയ്യാത്ത മട്ടാണ്. ഒന്നെണീറ്റിരുന്നാൽ മതി അപ്പോ കേൾക്കാം "മോളെ അധികം നേരം എണീറ്റിരിക്കല്ലെട്ടോ.' കുഞ്ഞിനെ എടുത്താൽ പറയും "അധികംനേരം എടുത്തിണ്ടിരിക്കല്ലെ ട്ടാ." ദാഹിച്ച്, അല്പം വെള്ളം ചോദിച്ചുപോയാൽ പിന്നെ പൊടിപൂരം "എന്താ യ്യീ കേൾക്കണെൻറെ ഗുരുവായിരപ്പാ പെറ്റെണീറ്റിട്ട തൊണ്ണൂറുകഴിയാത്ത പെണ്ണാണ്. വെള്ളം വേണത്രെ കുടിക്കാൻ. ഇള്ളക്കുട്ട്യന്നാ വിചാരം." എല്ലാം സഹിച്ചു. അല്ലാതെന്തു ചെയ്യാൻ? നടുത്തളത്തിൽ ഇരുന്നുംകൊണ്ട് ചാറുവാട്ടത്തെ അമ്മായി പറയ്ണ കേട്ട 'നാത്തുനെ ഞാൻ പോവാൻ നോക്കട്ടെ. നേരം ഒരുപാടായി. "കളപ്പുരക്കലെ മുത്തശ്ശി പറഞ്ഞു' ഞാനും പോവ്വായി. വത്താനം പറഞ്ഞ് പറഞ്ഞ് നേരം പോയതു് അറിഞ്ഞില്ല കൊച്ചിനെ ഒന്നെടുത്തിട്ട് പോകാം വാ."

കുഞ്ഞ് മുലകുടികഴിഞ്ഞു് എന്തോ നോക്കിക്കൊണ്ടിരുന്നു. മുത്തശ്ശിവന്ന് കുഞ്ഞിനെ എടുത്തിട്ട് വത്തമാനം പറയാൻ തുടങ്ങി. "അമ്മൂമ്മ പോട്ടെ ഇട്ടാ. ഇന്ന് മോൻറെ അഛൻ വരോല്ലാ. അഛൻ വരുമ്പ കുപ്പായോം മിട്ടായീം കൊണ്ടരുല്ലോ. അമ്മൂമ്മക്ക് തരോം.? ങ്ങേഹ തരുല്ലേ ങ്ങഹാ..... ങ്ങഹ....എന്നാ വേണ്ടാ-അമ്മൂമ്മക്ക് ഒരുമ്മാ

"തന്നേ ഉം....മ്മം...."പല്ലില്ലാത്ത ആ വായ് കൾ പരസ്പരം കൂടി തൊടുന്നതു് അവൾ കൌതുകത്തോടെ നോക്കിക്കൊണ്ടിരുന്നു. രണ്ടു തലമുറകൾ-രണ്ടു കാലഘട്ടങ്ങൾ-ഒന്നു് ഉദിക്കുന്നു, മറെറാന്നു് അസ്തമിക്കാറായിരിക്കുന്നു.

കുട്ടിയെ തിരിയെ തരുമ്പോൾ അവർ ചോദിച്ചു ഇന്നല്ലെ രാധേ വരുന്നു് എഴുതിരുന്നതു് ? എപ്പക്കാവോ ഇനി എത്തുപാ ?" "അറിയില്ലാ ചെലപ്പം സന്ധ്യാവും മുത്തശ്ശി" "വന്നാല് ഒരിസം ഒന്നങ്ങോട്ടു് വരാൻപറയ് അവനോട് മറക്കരുതു് ട്ടോ''.
"ഇല്ല പറയാം.

എന്നാ ഞങ്ങളു് ഇറങ്ങട്ടെ മോളെ അടുക്കളയിലേയ്ക്കു് തിരിഞ്ഞു് അമ്മയോടു് യാത്ര പറഞ്ഞു് അവർ പടിയിറങ്ങി. കുഞ്ഞു് വീണ്ടും കരഞ്ഞു. അവൾ കുഞ്ഞിനെടുത്തു് താരാട്ടു മൂളി. എന്നിട്ടു് മോൾടെ ചെവിയിൽ പറഞ്ഞു "ഇന്നു് വൈന്നേരം മോൾടെ അച്ഛൻ വരോല്ലോ?"

അയാളെകുറിച്ചോത്തപ്പോൾ അവൾക്കു് സങ്കടം വന്നു. നെഞ്ചിൽ ഒരു വിങ്ങൽ ഒരു വീർപ്പുമുട്ടൽ അവൾ ശബ്ദമുണ്ടാക്കാതെ കരഞ്ഞു.

ഒരു കൊല്ലമായി പോയിട്ടു് അതിനിടയിൽ ഒന്നെത്തിച്ചു നോക്കിയില്ല. കളിമാറിയതും അസ്വസ്ഥതകൾ ആരംഭിച്ചതും എത്ര കൌതുകത്തോടെയാണു് എഴുതി അറിയിച്ചതു്. ഒന്നു് വരുമെന്നു് പ്രതീക്ഷിച്ചു. വന്നില്ല. പ്രസവസമയത്തെങ്കിലും ഒന്നോടി വരണേയെന്നു് കാലുപിടിച്ചു് അപേക്ഷിച്ചു് എഴുതി. വന്നില്ല.

പ്രസവിച്ച വിവരം അറിയിച്ചപ്പോൾ ഓടിവരുമെന്നു് കരുതി. വന്നില്ല. ലീവു് അനുവദിച്ചില്ല എന്നു കമ്പിയാണു് വന്നതു്. ഓ പിന്നെ...? ഇതെന്തു് മനസ്സു് ഭഗവാനെ? കരിങ്കല്ലോ? ഇന്നേക്കു് പ്രസവം കഴിഞ്ഞിട്ടു് 96 ദിവസായി. ഇന്നാണു് പുള്ളിക്കാരനു് ഒന്നെഴുന്നള്ളാൻ തോന്നിയതു്? ശരി വരട്ടെ! അവസാനം.

സന്ധ്യക്കു് വടക്കേറോഡിൽ കാറിന്റെ നിൽത്താത്ത ഹോൺ കേട്ടപ്പോൾ അവളുടെ ഹൃദയം ഉച്ചത്തിൽ മിടിച്ചു. ഇപ്പോൾ പൊട്ടും എന്ന ഭാവത്തിൽ നിന്നിരുന്ന കരച്ചിൽ അവൾ കഷ്ടപ്പെട്ടു് കടിച്ചമർത്തി.

ചടപടാന്നു് പറഞ്ഞു് അയാൾ കയറി വന്നപ്പോൾ അവൾക്കു് സങ്കടം സഹിക്കവയ്യാതെ തലയിണയിൽ മുഖമമർത്തി വിതുമ്പി വിതുമ്പി കരഞ്ഞു.

അയാൾ ചോദിച്ചു "എന്തിനാ വെറുതെ കരയണെ?" "പിന്നെ കരയാണ്ടിരിയ്ക്കുവാ? നല്ല കാര്യം പോയിട്ടു് ഈ എടവത്തില്ക്കു് ഒരു കൊല്ലായി. മകരത്തിലെങ്കിലും വരുന്നു് കരുതി അമ്മയാണു് കാര്യം വിശദീകരിച്ചതു്.

അയാൾ ഒരുപാടു് സംസാരിച്ചു. ലീവു് അനുവദിക്കാത്ത മേലുദ്യോഗസ്ഥനെപ്പറ്റിയും ജോലിത്തിരക്കിനെപറ്റിയും ദേഹാസ്വസ്ഥ്യങ്ങളെപ്പറ്റിയും ഒക്കെ. അതെല്ലാം കേട്ടപ്പോൾ അവൾക്കു് അയാളോടു് സഹതാപം തോന്നി. പാവം ലീവു് കിട്ടാഞ്ഞിട്ടല്ലെ എന്നാലും...എന്നാലും-ഒരു ദിവസമെങ്കിലും ഒന്നു് വന്നിട്ടു് പോവ്വായിരുന്നു. ബേങ്കുള്ളതല്ലെ ഇത്രയൊരെയൊന്നും അല്ലല്ലോ? അത്താഴം കഴിഞ്ഞു് കുഞ്ഞിനെ ഉറക്കി അവൾക്കേറെയും പ്രിയപ്പെട്ട അയാളുടെ വിയ

പ്പുമണവും ഏറ്റുംകൊണ്ട് അവൾ അയാളുടെ ദേഹത്തോട് ചേർന്നു കിടന്നു. അയാളുടെ കൈകൾ അവളെ കെട്ടിവരിഞ്ഞപ്പോൾ അവളുടെ സിരാവ്യൂഹങ്ങൾ ചൂടുപിടിച്ചു.

പിറുപിറുക്കുന്ന സ്വരത്തിൽ അവൾ ചോദിച്ചു എന്നാലും ഒരുകൊല്ലായിട്ട് എന്നെ ഒന്ന് കാണാൻ തോന്നീല്ലല്ലോ? കഷ്ടം ഇട്ടോ?

"ലീവ് കിട്ടാഞ്ഞിട്ടല്ലെ പൊന്നെ;"
"പ്രസവിച്ച് മൂന്നുമാസം കഴിഞ്ഞില്ലെ? ഇപ്പോഴല്ലെ കഞ്ഞിനെ കാണാൻ മനോടിവന്നതു.?

"കുറച്ച് നാൾ... മുമ്പ് വന്നിരുന്നെങ്കിൽ കഞ്ഞിനെ മാത്രമല്ലെ കാണാൻ കഴിയൂ" അവളെ ഒന്നുകൂടി തന്നിലേയ്ക്കടുപ്പിച്ചു പിടിച്ചും കൊണ്ട് അയാൾ മന്ത്രിച്ചു "എനിക്ക് കഞ്ഞിനെയും അമ്മയേയും മാത്രമല്ല എന്റെ ഭാര്യയെയുംകൂടി കാണേണ്ടിയിരുന്നു." അവളെ ഒന്നുകൂടി കെട്ടിവരിഞ്ഞുംകൊണ്ട് അയാൾ ചോദിച്ചു. "മനസ്സിലായില്ലെ?" അവൾക്ക് മനസ്സിലായി. പക്ഷെ അന്നാദ്യമായി കെട്ടിവരിഞ്ഞിരിയ്ക്കുന്ന അയാളുടെ കൈകളെ ഒരു പാമ്പിനെപോലെ അവൾ വെറുത്തു. അയാളുടെ സാമീപ്യവും.

സമ്പൽ സമൃദ്ധിയുടെയും ആനന്ദാഘോഷങ്ങളുടെയും
സുന്ദര രംഗമായ പൊന്നോണപ്പുലരിയിൽ
ഞങ്ങളുടെ ഭാവുകാശംസകൾ!

ആകർഷണീയങ്ങളായ പലിശ നിരക്കുകളോടും, ഉദാരമായ വ്യവസ്ഥകളോളം കൂടി
ആവിഷ്കരിച്ചിട്ടുള്ള ബാങ്കിന്റെ വിവിധ നിക്ഷേപ പദ്ധതികൾ
നിങ്ങളുടെ സാമ്പത്തിക ഭദ്രതയ്ക്ക് ഉറപ്പുവരുത്തുന്നു.

സൌത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ്


റജി: ആപ്പീസ് - തൃശ്ശിവപേരൂർ. (കേരള)

ബാംഗളൂർ ബാഞ്ചുകൾ :

118 ശ്രീവെങ്കടേശ്വര മാർക്കറ്റ് അവന്യൂ റോഡ് ഫോൺ :71849	16-ഹോസ്പിറ്റൽ റോഡ് കൻറൊൺമെന്റ് ഫോൺ 74563

ബ്രിഗ്രേഡ് റോഡ് ബ്രാഞ്ച് ഉടനെ പ്രവർത്തനം ആരംഭിക്കുന്നതാകുന്നു.

For all your banking facilities



STATE BANK OF MYSORE

at your service always

We have deposit accounts bearing attractive rates of interest to suit your needs.

HEAD OFFICE: AVENUE ROAD

BANGALORE.

കവിത

മടക്കിയെടുക്കില്ലേ ?

പയ്യന്നൂർ ബാലകൃഷ്ണൻ.

മുത്തണി നിലാവിന്റെ
പള്ളിത്തേരിറങ്ങിയൊ-
രുത്രാടകന്യേ, നിന്റെ
മണിനൂപുരമേളം,

വിളിച്ചുണർത്തീടിലു
മീമണൽത്തരികളി
ലൊളിച്ചിരിപ്പുല്ലുലി
ശ്രാവണശ്രീസംക്രമം.

കളിവില്ലൊലികളും
പൂവിളിഘോഷങ്ങളും
കളഭംതളിച്ചെത്തു
മിളവെയ്‌ലൊളികളും,

ഓളമിട്ടയരുവ
തുണ്ടെന്നാകിലും ദു:ഖ
മ്ലാനമായ് നില്പുല്ലെട്ട
ദിക്കിന്റെ മുഖങ്ങളും,

ആയിരം നൂറായിരം
മാടമ്പിവിളക്കുക-
ളാകാശത്തിലെ കോട്ട
മുനമ്പിൽത്തെളിയിലും,

നിഷ്ഫലം, നിരർത്ഥക
മീ മണ്ണിലൊരു കാട്ട
പുഷ്പവും വിരിയിച്ച
തില്ലയാ ജ്വാലാനാളം.

പന്ത്രണ്ട് മാസത്തിലും
പവിഴമല്ലിനേകം
ചെമ്പൊന്നും വയലുക
ളെത്രമേൽക്കനിഞ്ഞാലും,

നിത്യനൂനൃതയുടെ
ചിതാഗ്നിയെരിഞ്ഞാലും
പത്തായമല്ലാതെന്തീ
നാട്ടിനുണ്ടൊരു നേട്ടം ?

തപ്തമാം നെടുവീർപ്പിൻ
പുകനൂലുകളല്ലാ-
തിത്തിരുനാളിങ്കലേ
യ്ക്കുനൂണ്ടൊരോണക്കോടി ?

അസ്ഥിയുമിരുന്നാഴി
രക്തവുമല്ലാ, തോണം
വിസ്തരിച്ചുണ്ണാനെന്നി
യെന്തിരിയ്ക്കുന്നോരോണം ?

Telegrams : "GURUSONS"

Telephone : Head Office : 74536
Sales Depot : 23407
Cantt. Depot : 52578
Fert. Factory : 28793
Residence : 26873

With best compliments from

M/S. C. GURUSIDDAPPA SONS

NEW THARAGUPET : BANGALORE - 2.

(MERCHANTS, IMPORTERS, EXPORTERS & AGENTS)

Suppliers of all kinds of Compound and Complex Fertilisers, Manufacturers of 'GOPURAM BRAND' NPK Fertilisers, Agents for NOCIL'S all kinds of Industrial and Agricultural Chemicals, SANDOZ'S Insecticides and Pesticides, 'SUPHALA' 15.15.15 stocks are always available at competitive rates, JAI KISAN 28.28 also available at competitive rates and Maharashtra Hybrid Seeds Corporation Seeds.

Hearty Felicitations from

Industrial Furnaces And Equipment Company

Factory No. 2, M.S. Ramaiah's Industrial Estate, Gokula, BANGALORE - 54.

Manufacturers of various Electrically operated Industrial and Laboratory type Furnaces, Ovens, Immersion heaters, water baths, Quenching baths, various temperature indicating and controlling instruments, thermocouples, compensating cables, etc.

GRAMS : ELECTROTHERM

Phone : 3583

With the best Compliments of : -

JACOB'S

DAIRY AND POULTRY FARM

7th Milestone, Mysore Road and 3rd Mile, Ramohalli Road Deviation on 13th Milestone Mysore Road, BANGALORE.

OFFICE AND SALES
54. 5th Main Road, Chamarajpet, BANGALORE-18. Phone: 71908.

MILK—CURD—CREAM—BUTTER
GHEE - EGGS - HONEY

അളകാപുരിയുടെ
മണിമണ്ഡപംപോലെ
അഴകുറ്റൊരാരിപ്പൊന്നു്
വിളയും മലയാളം.

കത്തിനീറിടും ജഠ
രാഗ്നിയിൽ വിടരുമോ
നിത്യസൌഭാഗ്യത്തിന്റെ
ചിറകാടയിതളുകൾ ?

അമരാപുരിയേയും
പിച്ചതെണ്ടിക്കുംവിധ–
മടക്കിഭരിച്ചൊരാ
ത്തമ്പുരാനടെ ശബ്ദം.

അമ്മതൻ രക്തത്താലും
വെണ്മഴ കഴുകിയ–
ബ്രഹ്മജ്ഞാനിതന്നുപ
ഹാരമാകുമീ നാട്ടിൽ.

വീണ്ടുമീ വഴിവക്കി
ലോളമിട്ടയരുമീ–
യാണ്ടറുതിയിലിറ്റു
കണ്ണനീരല്ലാതൊന്നും.

വീരിയും ശവംനാറി
പ്പൂവിന്റെ കരളിലു–
മെരിഞ്ഞുനില്പുണ്ടഗ്ര
മാമൊരു തീരാശാപം

സ്വന്തമായില്ലാത്തവ
രെങ്ങിനെയുൾക്കൊള്ളുമാ–
ശാന്തമുജ്ജ്വലം സമ
ദർശന വിളംബരം ?

അടങ്ങി നിന്നീടവ
തെന്തമ്മേ, കടലമ്മേ,
മടക്കിയെടുക്കില്ലേ
നീ നിന്റെ വരദാനം ?

ഔദാര്യം.

ഒരു പ്രയോജനകരമായ കാര്യം മറ്റുള്ളവക്ക് ചെയ്താൽ അതു് ഒരിക്കലും ഓർമ്മിക്കരുതു്. ഒരു പ്രയോജനകരമായ കാര്യം മറ്റുള്ളവരിൽ നിന്നും സ്വീകരിച്ചാൽ, അതു് ഒരിക്കലും മറക്കരുതു്.

— ചിലോൺ

ഔദാര്യം സ്വീകരിക്കുന്നതു്, സ്വാതന്ത്ര്യം നഷ്ടപ്പെടുത്തലാണു്.

—പുബ്ലിലിയസ് സൈറസ്.

JEEP - World's most useful vehicle,
rugged, versatile, dependable
big payload - 60 percent of curb weight-
Economical - 4 cylinder engine

For all your

JEEP & JEEP TRUCK REQUIREMENTS

CONTACT ☞

INDIA GARAGE

18. St. Mark's Road,

BANGALORE–1.

Telephone : 5 0 3 0 1

നിനക്ക് ലജ്ജയില്ലേ ?

എ. എൻ. ഇ. സുവർണ്ണവല്ലി.

മനുജാ വിശിഷ്ടമാം തത്വങ്ങൾ ഘോഷിക്കു
മനുജാ, നിനക്കില്ലേ ലജ്ജതെല്ലും ?
പരിശോധിച്ചീടു നിൻ ജീവിതത്തി,ന്നേതാൻ
പരമമാം തത്വവുമായ് ബന്ധമുണ്ടോ ?

പലപല നേട്ടങ്ങൾ വാരിനിരത്തി നീ
പലപ്പൊഴുമഭിമാനം കൊൾവതില്ലേ ?
ഗഗനത്തെ ചുംബിക്കും മലയുമാവനവും നീ
നഗരിതൻ മോടികളാക്കിയല്ലോ.
പൊതിയുന്ന പൊന്നിലും പട്ടിലും ഭംഗിതൻ
പുതു പുതു രീതിയിൽ മേനിനിത്യം
തടിയനങ്ങീടാതെ മണ്ണിലും വിണ്ണിലും
വടിവിൽന്നീയങ്ങിങ്ങു പറന്നുപോവും
നിരുപമ വിളനിലം മരുതല മാക്കിടും
മരുതലം വിളനിലമാക്കിടും നീ
ഭുവനമിങ്ങാകവേ കണ്ടീടും, വാർത്തക-
ളുവികലം നിന്നെയണഞ്ഞുകൊള്ളും.
പനിമതിതന്നിലും നിൻജ്ഞയക്കുറകിൽ
പതിവായ് വിലസീടും മേന്മതന്നിൽ.
ഇതിനെല്ലാം സാദര മഞ്ജലിയർപ്പിക്കാ-
മതി ചതുരനെന്നുതാൻ വാഴ്ത്തീടാം ഞാൻ.

വനചാരിയായനീയിന്നനടിക്കുന്ന
തനതായി സ്വം; സ്വയമിരുന്നായും.
അതുമാത്രം വേണ്ടെടോ, നിസ്സാരമിവകളി-
ന്നതിനു നീ യത്രയ്ക്കിന്നായതില്ല്ല!

മനുജാ, ഹാ! നോക്കു, നിൻഹൃദയാന്തർ
ഭാഗത്തി-
ലവികല സംസ്കാരം കാണ്മതുണ്ടോ ?
സകലവും കയ്യിലായെന്ന ഞെളിയും നിൻ
മികവെഴും മാനസം കയ്യിലായോ ?
നിമിഷവു മോടിത്തിമർക്കുമാവികൃതിത-
നുഗാമിയല്ലി നീ,-യോർത്തുനോക്കു !

അനുനിമിഷം മതിയിൽ തകർക്കുന്നുമഹിമകൾ
ഉന്നുഗ്രണമല്ലാത്തൊരാശയങ്ങൾ.
അതുപോട്ടെ, തീരെ മൃഗീയമെന്നറിയുമ-
പ്പുതിതമായുള്ള വികാരജാലം
മദിതനാം നിന്നെ ചവിട്ടുന്നു, താഴ്ത്തുന്നു
മുദിതനായ് നീയുതറിഞ്ഞാടുന്നോ ?
അതിനെയടക്കുവാൻ നിന്മനസ്സാക്ഷിക്കി-
ന്നിതുവരെ സാധിച്ചോ തെല്ലുപോലും ?

"ഒരുജാതി, യൊരുമത, മൊരു
കുടുംബാംഗങ്ങൾ" !
സരസമായോതും നിൻ നാവുമാത്രം !
ഇതരർതൻ കണ്ണുകളിൽ പൊടിയിട്ട ഗുണമെല്ലാം
കൊതിമൂത്തു തട്ടിയെടുക്കും നീയും,
മതവുമജ്ജാതിയും രാഷ്ട്രീയവേഷത്തിൽ
പതിയിട്ടിരിപ്പുനിൻ സ്വാർത്ഥതയിൽ,
അപരന്റെയധ്വാന ഫലമാകെതനതാക്കു-
മപമാനമെന്നതേയോപ്പുതില്ല !

ഒരുകാലമാകാരമാശയം-രണ്ടിലു-
മൊരുപോൽനിൻ കാടത്തം കണ്ടിരുന്നു.
അതിനെ നീയിന്നിഹ പുരമോടിതന്നിലായ്
പൊതിയുന്നു; ചിരിയിലാവഞ്ചനയൊപ്പം.
സമതതൻ പേരിലായസമതപമിങ്ങുനി-
ന്നമിതമാം തന്ത്രം പുലർത്തീടുന്നു.
പൊതുജനനന്മയ്ക്കായ് പുതുതിന്മവിതച്ചല്ലി
പൊതുവെയീ ലോകമടക്കിവാഴാൻ?
അടിമത്തം തന്നിൽനിന്നുയരുമിജനതയെ

യടിമയാക്കുന്ന നിൻ നായകത്വം.
അതിഭീകരയുദ്ധത്തിൽ നാശനഷ്ടങ്ങളിൽ
കുതുകത്തിൽ നേതൃത്വം സ്ഥാപിപ്പുനീ.
കപടത സകലവും, കലുഷതയെവിടെയും
കുടിലത്വം സത്യത്തെയാകെവിഴുങ്ങി !

പഴയൊരജ്ജീവിതം തന്നിലെക്കാട്ടാള-
ക്കഴിവുകൾനിന്നെ ഭരിച്ചീടുന്നു:
-പരിശോധിച്ചീടട്ടെ നിൻമനസാക്ഷിയ-
പ്പുരമാം സംസ്കാര രശ്മിതന്നിൽ.
അവകളാരാക്ഷസത്വത്തിന്റെ കുരവാളോ-
ടവിടവിടെയൊറിയിരിപ്പു-കാണാം.
കുടില സ്വഭാവികളവരാണനിന്നെ യി-
ക്കുടില തന്ത്രാഗ്ര്യനായ്ത്തീർപ്പതെന്നും.
ഇരയാക്കും നിന്നെയു.-മല്ലെങ്കിലോടിക്കു
വിരവിലായരികളെയവിടെ നിന്നും !

മനുജനായ്ത്തീരണമെങ്കിൽ പ്രതിഷ്ഠിക്കു
മനുജത്വം നിൻഹൃദയാന്തരത്തിൽ !!

കാലിന്റെ നീളം.

എബ്രഹാം ലിങ്കന്റെ കാലുകൾക്ക് വലിയ നീളമായിരുന്നു. ഇതു് അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ കളിയാക്കലിനുള്ള വിഷയമാക്കിയിരുന്നു,

ഒരിക്കൽ ഒരു സുഹൃത്തു് ചോദിച്ചു: 'മനുഷ്യന്റെ കാലിനു് പരമാവധി എത്ര നീളം ഉണ്ടായിരിയ്ക്കണം ?—'

ലിങ്കൻ സാവധാനം മറുപടി പറഞ്ഞു: 'കൂടുതൽ വേണ്ട, അരക്കെട്ടിൽ നിന്നു നിലത്തു് എത്തത്തക്ക നീളം മതി'



Here is Coffee to brighten you up.....nothing like Coffee.....warm and friendly. The rich aroma is so completely satisfying. Make it Coffee everytime.

WHATEVER THE MOOD COFFEE SATISFIES

Good Coffee is easy to make. Write to us for a free booklet. Mention the language you prefer.



COFFEE BOARD
BANGALORE

PDS/CB/17 B

ചെറുകഥ.

മോചനം.

വെളിയങ്കോട്ട് അലി.

വച്ചമാവിൻ വിറക് കൊള്ളികളെ പിരാകികൊണ്ട് അടുപ്പിനു് സമീപം ഇരുന്ന അവൾ – പൂമുഖത്തു് തൊട്ടിലിൽനിന്നു് നസീമായുടെ കുട്ടിയുടെ കരച്ചിൽകേട്ട് എണീറ്റ് ചെന്നു. കുട്ടി വാതോരാതെ കരയുകയാണ് .... "ഈ പൊട്ടിത്തെറിച്ച പണ്ടാരത്തിനു് ഒന്നു് ചിറ്റാതെ കെടന്നുടെ", എപ്പോനോക്കിയാലും മനസ്സനെ ഒന്നു് പാത്തു് ഇരുത്തുലാ-പാത്തുണ്ണി ദേഷ്യത്തോടുകൂടി തൊട്ടി ഒന്നു് വലിച്ചാട്ടി. കുട്ടി കരച്ചിൽ നിർത്തി ഒന്നു് മൂളി ഒന്നു് ഞരങ്ങി എന്നിട്ട് വിരൽ വായിൽ വെച്ചിട്ട് കണ്ണടച്ചു കിടന്നു. പാത്തുണ്ണി ഒരു ദീർഘനിശ്വാസത്തോടുപ്പം നെസീമായുടെ കുട്ടിയെതന്നെ നോക്കിനിന്നു. ഈ കുട്ടി വളർന്നുവരുന്നതോടുപ്പം തന്റെ ദുഃഖഭാരവും വളർന്നുവരികയാണ്-അവൾ ആരോടിന്നില്ലാതെ പറഞ്ഞു-ആ-മാവാഹി പഹയൻ നെസീമനെ കെട്ടിട്ട് ഇല്ലങ്കിൽ ഇന്നു ഈ തൊട്ടിലിൽ എന്റെ ജീവന്റെ ഒരംശം കെടക്കേണ്ടതായിരുന്നു ... ... പാത്തുണ്ണിയുടെ ചിന്ത കൊഴിഞ്ഞുപോയ അദ്ധ്യായത്തിലേക്കു പറന്നു. അന്നും പതിവുപോലെ ഒരു കല്ല്യാണ ആലോചന വന്നു. പെരുമ്പടപ്പിക്കാരൻ മുഹമ്മദലിക്കു്-ബാപ്പ പൊന്നാനീന്നു് കേങ്ങ്*... .. കച്ചോടം കഴിഞ്ഞ് തിരിച്ചുവന്നിട്ട് ഉമ്മാനെ വിളിച്ചുപറഞ്ഞു അലിമാ ... ജ് ആപത്തായത്തി കെടക്കുണ നെല്ലിന്റെ മണി ഉള്ളതു് അടിച്ചട്ടിവാരി കൊറച്ചി പൊടി ഉണ്ടാക്കിക്കൊ പാത്തുണ്ണിയുടെ കോയിനെ നേരം വെളുക്കുമ്പോ അയിച്ചിടേണ്ട ....രാവിലെ മുട്ടി മുസ്സനെബിളിച്ച് അയിനെ അറപ്പിച്ചാ ?....ബാപ്പ ഇത്രയും പറഞ്ഞ് നിർത്തിയപ്പോൾ ഉമ്മചോദിച്ചു എന്താന്നു് നാളെ ബിസേസം ? അതു-നാളെ പെരുമ്പടപ്പിന്നു് പാത്തുണ്ണിനെ കാണാൻ രണ്ട് മൂന്നാളു് ബരാന്നു് ബെച്ചിട്ടുണ്ട് ചെക്കൻ പേർഷ്യക്കാരനാ - സൊത്തും മുതലും ഒന്നും ആവസ്യല്ലാന്നാ പറേഞ്ഞതു്=അമ്മളെകൊണ്ട് ഒട്ട് കൊടുക്കാനും പാകം ഇല്ലല്ലോ ? അലിമാത്ത ഇടക്ക് കയറി പറഞ്ഞു ആ – നടന്നങ്കിഓളും ഞമ്മളും രെച്ചപ്പെട്ട ബാപ്പ നിസ്സാഹയതയുടെ ഒരു നെടുവീർപ്പിൽ പറഞ്ഞു.... കയ്യാലയിൽ ഒളിഞ്ഞ് നിന്നു് ഇതെല്ലാം കേട്ട പാത്തുണ്ണി മനസ്സിൽ പറഞ്ഞു പാവം ബാപ്പ കാണാൻവരുന്നോർക്ക് ഉണ്ടാക്കുന്ന "എറച്ചീം പത്തിരി"യുടേയും കാര്യു് ഉണ്ടായിരുന്നങ്കിൽ മനസ്സന്റെ കഴത്തിൽക്കു് ഒരു കൂട്ടം പണ്ടം ഉണ്ടാക്കാമായിരുന്നു ... പടച്ചോനെ ഇന്റെ ഖോജരാജാവായ തമ്പുരാനെ ഈ കാര്യംനടന്നു് ഇന്റെ മോളെ ഒരു ബയ്യിൻ ആക്കിതരണേ-? ഉമ്മയുടെ നീണ്ട പ്രാർത്ഥനയാണ്- ഇതുപോലെ എത്ര പെണ്ണ

കാണലും എത്ര ആലോചനകളും നടന്ന പക്ഷം എല്ലാവർക്കും ആവശ്യം രണ്ടായിരം ഉറുപ്പിക സ്ത്രീധനവും ഇരുപത്തഞ്ച് പവന്റെ പണ്ടവും ആയിരുന്നു. ഒരുതിലാം കൊള്ളി കേങ്ങ് പുങ്ങിവിറ്റ് അതുകൊണ്ട് അർദ്ധ പട്ടിണിയിൽ കഴിയുന്ന എന്റെ കുടുംബത്തിന് സങ്കൽപ്പിക്കാൻപോലും കഴിയാത്ത കാര്യമാണ് = തന്റെ ബാപ്പയുടെ മൂത്ത ജേഷ്ഠന്റെ വീട്ടിലാണ് താനും ബാപ്പയും ഉമ്മയും താമസിക്കുന്നത് = സൊന്തമായ് അന്തിയുറങ്ങാൻ ഒരു ചെറ്റപ്പുരഇല്ലാത്ത ഞങ്ങൾ എങ്ങിനെ കൊടുക്കും ഇരുപത്തഞ്ച് പവനും രണ്ടായിരവും ? ....ദല്ലാലി അദ്ദഹാജി ഉണ്ടാക്കിയതാണ് ഇകാര്യവും ...അബ്ദു.ഹാജിയെകുറിച്ചോർത്തപ്പോൾ പാത്തുണ്ണിയുടെ ഹൃദയത്തിന്റെ അഗാധതയിൽ നിന്നും ഒരു പഴയ സംഭവം ഓർമ്മയിൽവന്നു ... ...അന്നൊരുദിവസ്സം അബ്ദുഹാജിയോട് ഉമ്മപറഞ്ഞു.—ഹാജിയാരേ—ങ്ങ—ചെറിയ മട്ടിലുള്ള ഏതെങ്കിലും ഒരുകാര്യം പാത്തുണ്ണിക്ക് നോക്കിം... അലീമാ ഇജ്ജ് എന്തുമനസ്സിലാക്കിയിട്ടാ ഈ പറേണതു് അന്നെ പാത്തുണ്ണിയുടെ ബാപ്പ കാതില് കറപ്പ് തുലുമായി കെട്ടികൊടുന്ന കാലാച്ചീട്ടാ ഇജ്ജ് ഈ പറേണതു് ഇന്നു ഒരു ബേട്ടോൻതൊപ്പി ഇട്ടതിനെ കിട്ടണമെങ്കിലും കൊടുക്കണം പതിനഞ്ചു പവനും ആയിരം സ്ത്രീധനവും ഇതാണ് ഇന്നത്തെ ലോകം ? പാത്തുണ്ണി ആ സംഭവങ്ങൾ ഒരു ദുർസൊപ്നംപോലെ മറക്കാൻ ശ്രമിച്ചെങ്കിലും ഇതും അതേപോലെ ആവുമോ? ഉത്തരംകിട്ടാത്ത ഒരു ചോദ്യചിഹ്നം അവളുടെ മുന്നിൻ ഉയർന്നു—തന്നെപ്പോലെ എത്ര എത്ര പാത്തുണ്ണിമാർ സ്ത്രീധനംമാകുന്ന കമ്പിയാൽ ബന്ധിക്കപ്പെട്ടിരിക്കും ? അവൾ സ്വയം ആശ്വസിക്കുവാൻ ശ്രമിക്കും—എങ്കിലും അവളറിയാതെ എന്തോ ഒരജ്ഞാത ശങ്കയി അവളെ ഇക്കിളിപ്പെടുത്താറുണ്ട്...

തന്റെ ക്രൂടെ ഓതാൻ വന്നിരുന്ന ആ മിനുവിനും, മറിയുവിനും, ബീവുനും. ഐസുമ്മുനും നെബീസുനും, കജ്ജകുട്ടിക്കും ഇന്ന് മുന്നും നാലും കുട്ടികളും ഉണ്ട് – അരി തിളച്ച് പോകുന്ന ശബ്ദംകേട്ട് പാത്തുണ്ണി അടുപ്പത്തേക്ക് ചെന്നു-കലത്തിന്റെ മൂടി തട്ടിമാറ്റി രണ്ട് തള്ളക്കയില് വെള്ളം കലത്തിലൊഴിച്ചു= കലത്തിന്റെ മുകളിൽക്കൂടി ഒഴുകുന്ന നീർച്ചാല് കണക്കെ അവളുടെ നയനങ്ങളിൽ നിന്നും ബാഷ്പബിന്ദുക്കൾ ഒഴുകിയിരുന്നു., ...

പാത്തുണ്ണിയേ മോള് പാത്തുണ്ണിയേ..... ബാപ്പയുടെ വിളികേട്ടാണ് അവൾ ചിന്തയിൽനിന്ന് ഉണർന്നത് ന്നാ ഈ പൊതി അങ്ങ്ണ്ട് വെച്ചിക്കേ–കൊറച്ചി മസാലയാണ് —ആ നെല്ലിന്റെമണി ഉള്ളതു് ഇടീച്ചാ- ആ ഇടിച്ചി - പാത്തുണ്ണി പ്രതിഭവിച്ചു-ന്നാ ആ–ബീവിടെ ബീപാത്തുനെ ബിളിച്ച് ഇച്ചെ പത്തിരി ഇടിച്ചോ? ആ പെരുപട്ടപ്പിക്കാരു് നേരം ബെളുക്കുമ്പോ ബരാന്നാ പറഞ്ഞിക്കണതു് പാവം തന്റെ ബാപ്പ എന്റെ കാര്യത്തിൽ എന്നെക്കാളും ഏറെ തീതിന്നുന്നതു് അവരാണ്—ആ രാത്രി പതിവിലും കവിഞ്ഞ ഒരു ആഹ്ലാദം പാത്തുണ്ണിയുടെ തുടുത്ത കവിളുകളിൽ ഓളം വെട്ടുന്നതു് കാണാമായിരുന്നു. " ന്റെ ഖോജരാജാവായ റബ്ബേ " ഈ കാര്യം ശരിആക്കി ഇന്റെ മോളെ ഒരു ബയ്യില് ആക്കിതരണേ–അലീമാ പതിവ് പ്രാർത്ഥനയാണ്, മോളെ ആ വാതില് ഒന്ന് അടച്ചിട്ട് കെടന്നോ അലീമാത്തുടർന്നുപറഞ്ഞു— പാത്തുണ്ണി തന്റെ പായയിൽ ചെരിഞ്ഞും മറിഞ്ഞും കിടന്നു നോക്കി. നിദ്രാദേവി കടാക്ഷിച്ചില്ല അവളെ .. എന്തോ ഒരു ഇക്കിളിപ്പെടുത്തൽ=മുഹമ്മതലി എന്ന സുന്ദരനായ പേർസ്യക്കാരൻ. പാത്തുണ്ണിയുടെ ഖൽബിന്റെ ദർപ്പണത്തിൽ

നൃത്തം ചവിട്ടുകയായിരുന്നു. പാത്തുണ്ണി അസൊസ്ഥതയായ് കണ്ണമടച്ച് തലയാണി കെട്ടിപ്പിടിച്ച് മുഖം അമർത്തികിടന്നു. അവളുടെ ഉയർന്ന മാറിടം ഒരു റബ്ബർപന്ത് കണക്കെ പൊന്തിയും താണും കൊണ്ടിരുന്നു ... ... സുന്ദരമായ ഒരു സായാഹ്നം യൌവനം തുടിച്ചുനിൽക്കുന്ന മുഹമ്മദലി എന്ന പേർസ്യക്കാരനും കുറേ ആൾക്കാരും ബേന്റ് സമേതം പാത്തുണ്ണിയുടെ വീടിനെ ലക്ഷ്യമാക്കി മന്ദം മന്ദം നടന്നു നീങ്ങുന്നു-ആ പുതിയാപ്ലയും ആരവും പാത്തുണ്ണിയുടെ വീട്ടിലേക്ക് കയറി നിക്കാഹിന്ന് ക്ഷണിക്കപ്പെട്ട് ഒരു വലിയ സദസ്സ് പുതിയാപ്ലയും ലോഗിയക്കാരും വട്ടംവളഞ്ഞ് ഇരുന്നു-അത്തറിന്റെ മണം ആ സദസ്സാകെ ഒഴുകിപരന്നു- ന്നാ .... തൊടങ്ങാല്ലേ ? പിന്നിൽനിന്നും മുക്ക്റി മൂസ്സമുസലിയാർ ഒരു വലിയ ശബ്ദത്തോടെ ചോദിച്ചു-പാത്തുണ്ണിയുടെ ബാപ്പ ഖത്തീബിന്നു് അഭിമുഖമായ് ഇരുന്നു—ഖത്തീബ് തന്റെ വെള്ളതൊപ്പിക്കു് മീതെ ചുറ്റിയ തലപ്പാവിന്റെ നീളംകൂടിയ തല തന്റെ തോളിലേക്കിട്ടു—മഹത്തായ ഒരു കാര്യത്തിന്റെ ആരംഭം കുറിക്കുകയാണ്....ശാന്തത വഴിഞ്ഞൊഴുകിയ അന്തരീക്ഷം-ഭയഭക്തി ബഹുമാനങ്ങൾ തുളുമ്പിനിന്ന ആ വീട്ടിൽ .... മുഹമ്മദലിയുടെ കൈ പാത്തുണ്ണിയുടെ ബാപ്പയുടെ കയ്യിൽ കൊടുത്തുകൊണ്ട് ഖത്തീബ് ഒന്നു് ശബ്ദം ശെരിയാക്കി ശെരിക്കു് ഇരുന്നു.....രണ്ടു് കുടുംബങ്ങളുടെ കണ്ണികൾ വിളക്കിചേർക്കുകയാണു് ആ രണ്ടു് വലതു് കൈകൾ.. സന്തോഷത്തിലും സന്താപത്തിലും പങ്കാളികളായ് മരണം ചേന്ന് ജീവിക്കേണ്ട ഒരു പുതിയ കുടുംബത്തിനു് ജീവൻ നൽകുകയാണ്...

ഖത്തീബ് ഉരുവിട്ടു= ബിസ്മില്ലാഹി റഹിമാനി റഹീം-മുഹമ്മദലിയുടേയും പാത്തുണ്ണിയുടെ ബാപ്പയുടേയും ചുണ്ടുകൾ ഒപ്പം ആങ്ങി .... വസ്സലാത്തു-വസ്സലാമു അലാസെയ്യിദിനാ മുഹമ്മദിൻവ അലന്തുലിഹിമ അസ്ഹിബി അജ്മഈൻ—ഖത്തീബ് പാത്തുണ്ണിയുടെ ബാപ്പയുടെ മുഖത്തേക്ക് തന്റെ മുഖം ചേർത്തുപിടിച്ചുകൊണ്ട് അയാളുടെ കാലിൽ തട്ടികൊണ്ട് ശാന്തഗംഭീരമായ ശബ്ദത്തിൽ തുടർന്നു... ..'സവ്വജത്തുക്ക ....സവ്വജത്തുക്ക അയാളുടെ ചുണ്ടുകൾ മന്ത്രിച്ചു..'വഅൻക്ക ഹത്തുക്ക് "ബിൻതി പാത്തുണ്ണിബീവി ബിമഹ്റിൻ മബ്ലഗ്ഹു മിഅത്തുറുപിയ... എന്റെ മകൾ പാത്തുണ്ണിബീവി എന്നവളെ നൂറ് ഉറുപ്പിക മഹ്റിന്ന് പകരം നിങ്ങൾക്കു ഞാൻ വിവാഹം ചെയ്തുതന്നു-ഇണയാക്കിതന്നു... ചേർത്തുതന്നു ....

ഖത്തീബ് മുഹമ്മദലിയുടെ അടുത്തേക്ക് ചേർന്നിരുന്നു വിരൽകൊണ്ട് അയാളുടെ കയ്യിൽ അമർത്തികൊണ്ട് തുടർന്നു .. "ഖബ്വിൽത്തു മിൻകുനിക്കാഹഹാ...."വതസ് വിജിഹാ... മുഹമ്മദലിയുടെ ചുണ്ടുകൾ ഒരു നേരിയ മന്ദഹാസത്തോടെ മന്ത്രിച്ചു: നിങ്ങളുടെ മകൾ പാത്തുണ്ണിബീവിയെ നൂറ് ഉറുപ്പിക മഹറിന്ന് പകരം നിങ്ങൾ വിവാഹം ചെയ്തതന്നതിനെ ഞാൻ സ്വീകരിച്ചു ഖബൂലാക്കി.... പൊരുത്തപ്പെട്ടു ....

അൽഫാത്തിഹ... പിന്നിൽനിന്നും മുക്ക്റിയുടെ ശബ്ദം ....

പാത്തുണ്ണിയേ എടീ പാത്തുണ്ണിയേ എന്ത് ഉറക്കമാണടീ "ക്ത്തിച്ചി" ഇത് ഇണിച്ച് ആ മുറ്റം അടിക്കാൻ നോക്കടീ പെലാടി. ചെല്ലടി പെണ്ണേ .... പെണ്ണ്കിടന്നു് കിനാവ് കാണാണൊ ? അലിമാത്താദെ ശകാരംകേട്ട് പാത്തുണ്ണി തട്ടിപ്പെടഞ്ഞ് എഴുന്നേറ്റു. ഞാൻ ഇത് കണ്ടതു് എല്ലാം വെറും സൊപ്പങ്ങളായിരുന്നു എന്ന് അവൾക്ക് അപ്പോഴാണ് മനസ്സിലായതു്. പാത്തുണ്ണി ഒരു നണ്ടി

കോട്ട് വായിക്കുശേഷം പായയിൽ നിന്നു് എണീറ്റ് തന്റെ കാച്ചിതുണി ശരിക്ക് ഉടുത്തു തട്ടം തലേല് ഇട്ടിട്ട് അടുക്കളയിലേക്കു പോന്നു . . . . അലീമാ.... അലീമാ ബാപ്പാടെ വിളിക്കേ് അലിമാത്ത പടിഞ്ഞാറെ കോലായിൽനിന്നും ഉമിക്കരി എടുത്ത കൈയ്യുമായ് വരാന്തയിലേക്ക് വന്നു-എന്നേ വിളിച്ചത് അലിമാത്ത ജിജ്ഞാസപൂർവ്വം ചോദിച്ചു--അയാൾ ഗദ്ഗദംപൂണ്ട സ്വരത്തിൽ പറഞ്ഞു അബരു് ബരുലത്തേ ... ഒല്ക്കു് പണ്ടവും സ്ത്രീധനവും തീരെ ഇല്ലാഞ്ഞാൽ പറ്റുലത്തെ-? ഞാൻ ഇപ്പൊ പൊക്കുന്റെ പീടികയിൽ ഇരുന്ന് ചായകുടിക്കുമ്പോളാണ് ഒരാള് വന്ന് വിവരംപറഞ്ഞത് അവരു് ഇന്ന് തന്നെ വേറെ നിശ്ചയം കഴിക്കുന്നുണ്ടത്രേ എന്റെ ജ്യേഷ്ഠന്റെ മകൾ നെസീമാനെ നാല്പതു് പവന്റെ സൊർണ്ണവും ഇരുപതിനായിരം ഉറുപ്പിക സ്ത്രീധനവും-ഞമ്മടെ വിധിയായിരിക്കും—അയാൾ വേദനയോടെ പറഞ്ഞു—അപ്പോങ്ങക്ക് ഇതു് ആദ്യം നിച്ചും ഉണ്ടായിരുന്നില്ലേ മനെസ്സാ — — — — — — അലിമാത്ത ദേഷ്യത്തോടെ ഭർത്താവിന്റെമേലെ കയർത്തു= ആ അബ്ദുഹാജി ഞമ്മളെ പറഞ്ഞ് ചതിച്ചതാണ് അയാൾ വിഷാദത്തോടെ പറഞ്ഞു-ഇന്റെ ഖോജരാജാവായ റബ്ബേ ഞങ്ങളെ എന്തിനാണ് ഇങ്ങനെ തീതീറിക്കുന്നത് അലിമാത്ത നെഞ്ഞത്തടിച്ചു കൊണ്ട് തുടർന്നു-ഞാൻ എങ്ങിനെ ഞ്ഞിമനസ്സമാരെ മോത്തു് നോക്കും ? ഇതെല്ലാംകേട്ട് പാത്തുണ്ണി സകല ശക്തിയും സംഭരിച്ചു കൊണ്ട് പറഞ്ഞു എന്താ നാ ഉമ്മാ ഇങ്ങള് ഇങ്ങനെ കരയ്ണ് ഇബടെ വല്ലവരും മയ്ത്തായോ ? "ഇന്റെ മോളേ"—വേദനയാൽ വിങ്ങിപ്പൊട്ടിയ ഒരു മാതൃഹൃദയത്തിന്റെ രോദനം ആ വാക്കുകളിൽ നിഴലിച്ചിരുന്നു — — — — വീണ്ടും അരിതിളച്ചപ്പോൾ അവൾ വർത്തമാനകാലത്തിലേക്ക് തിരിച്ചു വന്നു. വേവുനോക്കിയശേഷം അവൾ അരിവാർത്തു ... ഒരുമൈൽ അകലെ സക്കാർസ്കൂളിൽ ജോലിചെയ്യുന്ന നസീമ ഇപ്പൊ ഉച്ചഊണിനെത്തും അതിനുമുമ്പേ എല്ലാം ശരിയാകണം-തന്റെ അനുജത്തിയെയും കുട്ടിയെയും നോക്കേണ്ട ഗതികേടായിരിക്കും എന്നിക്കുള്ളത് - നെസീമാ ഭാഗ്യവതിയാണ് - എന്റെ യോഗം ഇതായിരിക്കും അവൾ വിധിയെ പഴിച്ചു കൊണ്ട് കണ്ണുനീർതുടച്ചു അരിവാർത്തൊമോളെ ? ഉമ്മ വിളിച്ചപ്പോഴാണ് അവൾക്ക് പരിസരബോധം ഉണ്ടായതു് ആ—അരിഉറ്റോ?—ഉമ്മാ—അവൾ പ്രതിഭവിച്ചു—ന്നാ കൊറച്ചി ചൂട് വെള്ളം താമോളേ ? ഒരു ചട്ടിയിൽ ചൂട് വെള്ളം പകർന്നു അവൾ ഉമ്മാക്ക് കൊടുത്തു — ഉമ്മാക്ക് തന്നെ കാണുമ്പോൾ വിഷമമാണ്....പാവം ഉമ്മ എന്തു് പിഴച്ചു എന്റെ തലേല് എഴുത്ത് ഇങ്ങനെ ആയതിന്നു് ? .... അവൾ ഒഴിഞ്ഞ ചട്ടിയുമായി അടുക്കളയുടെ ഉമ്മറത്തേക്ക് വന്നു-ചുറ്റുപാടും നോക്കി വേലിക്കൽ നിൽക്കുന്ന ചെമ്പരത്തി പൂക്കളിലേക്ക് അവളുടെ ദൃഷ്ടി ചെന്നത്തി-വർണ്ണ ശബളിമ ഉണ്ടായിട്ടന്താ പ്രയോജനം ? ആരും ചൂടാറില്ല? വേലിക്കൊരലങ്കാരം-ഞാനൊ? ഞാൻ ആക്കാണ് അലങ്കാരം?—വടക്കേവഴിയിൽ നിന്ന് കാലൊച്ചകേട്ടപ്പോൾ അവൾ അങ്ങോട്ട് നോക്കി-കറപ്പൻ പടിഞ്ഞാട്ട് പോകുന്നു-കറപ്പാ അവൾ വിളിച്ചു-അവൻ തിരിഞ്ഞുനിന്നു- അവൾ ഒന്നും ഉരിയാടാതെ അവനെ സൂക്ഷിച്ചു നോക്കി-കറപ്പൻ അവൾക്കഭിമുഖമായിനിന്നു വിയപ്പുതുള്ളികൾ ഒലിച്ചിറങ്ങുന്ന അവന്റെ മാറത്തും മാംസപേശികളിലും അവൾ മാറിമാറി നോക്കി-എന്താ പാത്തുണ്ണിമ്മേ വിളിച്ചതു് ? കറപ്പൻ ഒരു ബീഡി കത്തിച്ചും കൊണ്ട് ചോദിച്ചു ഒന്നും ഇല്ല-കറപ്പൻ എ

ഓണത്തിൻ ദിനം.

L· C. Samuvel;

ഓണത്തിൻ ദിനം ഓണത്തിൻ ദിനം
ഓണത്തിൻ ദിനമായ്
ആടാം പാടാം ചാടാം നമ്മ–
ക്കുഞ്ഞാലാടീടാം
ഓണത്തിൻ ദിനം ...

ആറുകൾതോറും തോടുകൾതോറും
വെള്ളം തിങ്ങുന്ന
മേടകൾതോറും കുടിലുകൾതോറും
ഓണം വന്നല്ലോ.
ഓണത്തിൻ ദിനം....

അവിയൽകാളൻ സാമ്പാർ പച്ചടി
പായസമുപ്പേരി
കോമളസുന്ദരി കേരള കാമിനി
കോരിവിളമ്പുന്ന
ഓണത്തിൻ ദിനം....

മരതകപ്പച്ച വിരിച്ചൊരു കേരള–
നാടിൻ നടുവല്ലാം
മണിമല പെരിയാർ പമ്പാനദിയിൽ
വള്ളം വെച്ചല്ലോ

തെയ് തെയ്... ....
തെയ്.....തെയ്
തെയ് ....
തെയ് തെയ് .... തോ,

കൈകൊട്ടിക്കളി കോലാട്ടക്കളി
തുള്ളൽക്കളികാണാൻ
അടുത്തുകൂടാം നമ്മൾക്കെല്ലാം
കേരള സോദരരേ
ഓണത്തിൻ ദിനം ...

നാടും വീടും വിട്ടിട്ടിങ്ങനെ
ദൂരെവസിക്കുന്ന
മറുനാടൻ മലയാളികൾ നമ്മൾ–
ക്കല്ലാതെന്തുള്ള.

ങ്ങോട്ടാ പോകുന്നത്? — ഞാൻ അതുകേക്കെ
ലെ മുതലാളിക്ക് ഇച്ചിരെ തേങ്ങ ഇടാനുണ്ട്
അതിന്ന് പുവ്വാ—

മടങ്ങിപോവുമ്പോ പടിഞ്ഞാറുമുറത്തു
കൂടെ ഒന്ന് വരണേ—രാത്രിവന്നാമതി

എന്തിനാ–പശുനെമാറി കെട്ടാനാണൊ?
അവൻ ചോദിച്ചു—അവൾ ചിരിച്ചുകൊണ്ട്
പറഞ്ഞു

അല്ല–വേറെ ഒരു കാര്യത്തിനാ

"ഓ വരാം"

യൗവനം ശ്രദ്ധിച്ചുനിൽക്കുന്ന ദൃഢഗാത്രനായ
കറപ്പൻ പോകുന്നതും നോക്കി അവൾ
നിന്നു.....

Ruby TYRE AND RUBBER CO. (P) LTD.

FACTORY & ADMN. OFFICES: 7th MILE, HOSUR ROAD, MADIVALA POST
BANGALORE-29

Manufacturers of :

Supermiler

The only all purpose tread rubber in the market.

AND Ruby Super Service

High Quality Rubber Suspension Bush Kits for all the Vehicles

We also Manufacture :

Industrial linings out of Natural and Synthetic Rubber, Polyester-Fiber glass, epoxy, etc., for Acid, Chemical and Corrosion resistance. Moulded and extruded and cast industrial products out of rubber, P.V.C. High density Polyethylene, Nylone, epoxy, etc. Electrical and electronic components out of Phenol formaldehyde and epoxy. Rubberised rollers, etc., etc. Next time you have a problem let our foreign qualified engineers and scientists solve it for you.

RUBY

SYMBOL OF QUALITY AND SERVICE

ചെറുകഥ

★ "അഞ്ചു ചിത്രങ്ങൾ" ★

പുതിയ ജീവിതത്തിന്റെ ആരംഭം കുറിയ്ക്കുകയാണിന്ന് പുതുമുഖങ്ങളുമായി പരിചയപ്പെട്ട്, അവരുമായി ജീവിതത്തിന്റെ ഏറിയപങ്കും ചിലവഴിയ്ക്കേണ്ടതിന്റെ തുടക്കം കുറിക്കുന്ന ദിനമാണിന്ന്. പലപല പ്രതീക്ഷകൾക്കും രൂപംകൊടുത്തുകൊണ്ട് വേണു യാത്രയായി. സ്കൂളിൽചെന്ന് ഹെഡ്മാസ്റ്ററെ കണ്ടു. പരസ്പരം പരിചയപ്പെട്ട മറ്റുള്ളവരെയും പരിചയപ്പെടുവാനും പരിചയപ്പെടുത്തുവാനും തിരിച്ചു.

"ഇതാണ് മിസ്. ചന്ദ്രികാദേവി, ബി. എസ്സ്. സി. ഇവിടത്തെ ലാബ്രട്ടറി ഇൻചാർജ്ജും, സയൻസു ടീച്ചറും ആണ്. ഹെഡ് മാസ്റ്റർ ചന്ദ്രികയെ വേണുവിന് പരിചയപ്പെടുത്തി കൊടുത്തു.

ഹെഡ്മാസ്റ്ററുടെ ശബ്ദംകേട്ട് ചന്ദ്രിക ഞെട്ടി എഴുന്നേറ്റു. അവൾ ഏതോ ചിത്രം വരയ്ക്കുന്നതിൽ മുഴുകിയിരിയ്ക്കുയായിരുന്നു.

"ഗുഡ്മോർണിംഗ്" വേണു അഭിവാദനം ചെയ്തു. "ഇതാണ് മിസ്റ്റർ വേണു, B. SC. ന്യൂ അപ്പോയ്മെന്റാണ്. ഇന്നാണ് duty-യിൽ ജോയന്റ് ചെയ്തത്." വേണുവിനെ ചന്ദ്രികയ്ക്ക് പരിചയപ്പെടുത്തി കൊടുത്തു.


ചന്ദ്രിക തലയുയർത്തി ഹെസ്മാസ്റ്ററെ ഒന്നു നോക്കി. എന്നിട്ട മുഖം വെട്ടിച്ചുകൊണ്ട് അലക്ഷ്യമായി ഒന്നു പുഞ്ചിരിച്ചു. തനിയ്ക്കിതൊന്നും അറിയണ്ട എന്ന മട്ടിൽ.

വേണു ചന്ദ്രികയെ ഉറ്റുനോക്കിക്കൊണ്ടിരിയ്ക്കുകയായിരുന്നു. അയാളുടെ അഭിവാദനത്തിന് പ്രത്യഭിവാദനം ലഭിച്ചില്ല. അവളുടെ അലക്ഷ്യമായ പുഞ്ചിരി കണ്ടപ്പോൾ തനിയ്ക്കന്തോ അമളി പിണഞ്ഞ പ്രതീതിയായിരുന്നു അയാൾക്ക്.

"കമോൺ" ഹെഡ്മാസ്റ്റർ നടന്നു പുറകെ വേണുവും. അപ്പോൾ അയാൾ വിചാരിച്ചുകാണും ചന്ദ്രിക തങ്കമ്മാ മാത്യുവിന്റെ ചെറുക്കൻ കാണൽ പ്രസ്ഥാനത്തിലെ അംഗമാണെന്ന്.

ഹെഡ്മാസ്റ്റർ നേരിട്ട് ഓഫീസ് മുറിയിലേക്കാണു നടന്നത്. പുറകെ വേണുവും. നടന്നുകൊണ്ട് അദ്ദേഹം എന്തൊക്കെയോ പറഞ്ഞു. വേണു അതിനെല്ലാം മൂളുകമാത്രം

WITH BEST COMPLIMENTS OF:



STUMPP, SCHUELE & SOMAPPA PRIVATE LIMITED

MANUFACTURERS OF

HIGH QUALITY INDUSTRIAL SPRINGS

HOSUR ROAD

BANGALORE - 34.

ചെയ്യ. അദ്ദേഹം പറഞ്ഞതൊന്നും അയാൾ ശ്രദ്ധിച്ചിരുന്നില്ല.

ചന്ദ്രികയുടെ മുറി വിട്ടതുമുതൽ വേണുവിന്റെ ചിന്ത അനുഭവങ്ങളുടെ പേജുകൾ മറിച്ചുകൊണ്ടിരിയ്ക്കുകയായിരുന്നു. അന്ന് അവിടെയുള്ള മറ്റുപല അദ്ധ്യാപകരേയും പരിചയപ്പെട്ടു. അവരെയെല്ലാം അഭിവാദനം ചെയ്തു. പ്രത്യഭിവാദനവും ലഭിച്ചു. അനുഭവങ്ങളുടെ പേജുകളിലൊന്നും ഇത്തരമൊരനുഭവം അയാൾ കണ്ടിരുന്നില്ല. ഒരിയ്ക്കൽ മാത്രം ഒരനുഭവം ഉണ്ടായിട്ടുണ്ട്. കോളേജിൽ പഠിയ്ക്കുമ്പോഴാണ്. സുന്ദരിയെന്നു തോന്നിയ ഒരു പെണ്ണിനെ കണ്ടപ്പോൾ പരിചയപ്പെടുവാൻ വേണ്ടി "ഗുഡ്മോർണിംഗ്" പെങ്ങളെ എന്നുപറഞ്ഞു.

